കുർബാനപ്പട്ടം കൊടുക്കുന്ന ക്രമം

(PRO MANUSCRIPTO)

3

സീറോമലബാർ ലിറർജിക്കൽ കമ്മറി

Free Distribution
DVK Central Library
Bangalore - 560 029

M/264

C.2

7041

7041

തിരുപ്പട്ടം നൽകുന്നതു സംബന്ധിച്ച പ്രായോഗിക നിർദ്ദേശങ്ങൾ

F63 (F96) K97

i *പൊതുവിൽ അറിഞ്ഞിരിക്കേണ്ടവ*

1 ഞായറാഴ്ചയോ, തിരുനാൾദിവസമോ വിശ്വാസികൾക്കു കൂട്ടമായി സംബന്ധിക്കുവാൻ സൗകര്യമുള്ള മറ്റു ദിവസമോ ആയിരിക്കണം വൈദികപട്ടം നൽകേണ്ടതു്.

2 മെത്രാന്റെ തുരിപ്പിടം സാമാന്യമായി മദ്ബഹായിലെ മേൽത്തളത്തിനു നടുവിൽ ഇട്ടിരിക്കണം. സഹായ വൈദികർക്കും പുരോഹിതാർത്ഥികൾക്കും മദ്ബഹായുടെ ഇരുവശങ്ങളിലും.

3 ചന്ദനം, കർപ്പൂരം, നിലവിളക്കു് എന്നിവ ഈയവസരത്തിൽ മദ്ബഹായിൽ ഉപയോഗിക്കാവുന്നതാണു്.

4 മൂറോൻ, തുടയ്ക്കുന്നതിനുള്ള പഞ്ഞി, തിരുപ്പട്ടക്രമത്തിന്റെ അവസാനം മെത്രാൻ നല്കുവാനുള്ള വി. ഗ്രന്ഥം തുടങ്ങിയവ മദ്ബഹായിൽ തയ്യാറാക്കിയിട്ടുള്ള മേശമേൽ സൂക്ഷിച്ചിരിക്കണം.

5 കാഴ്ചവെപ്പിനു തയ്യാറാക്കാൻവേണ്ടി ഒരു കാസായും പീലാസയും വെച്ചിട്ടുള്ള ചെസ്ഗസ്സാ ഉണ്ടായിരിക്കേണ്ടതാണു്. കൂടാതെ സമൂഹബലിയർപ്പിക്കുന്നവരുടെ എണ്ണമനുസരിച്ചുള്ള വലിയ ഓസ്തികൾ, ജനങ്ങളുടെ

ടിവുകാരുണ്യസ്ഥീകരണത്തിനുള്ള ഓസ്തി നിറച്ച കു സ്തോളികളും എന്നിവയും ഒരുക്കിയിരിക്കണം.

6 മെത്രാനെ സഹായിക്കുവാൻ തിരുവസ്ത്രമണിഞ്ഞ രണ്ടു സഹായവൈദികർ ഉണ്ടായിരിക്കണം. റെക്ടർ, (സുപ്പീരിയർ) അഥവാ ഇവരുടെ പ്രതിനിധിയായി ഒരാളും അർക്കദീയാക്കോനു പകരമായി മറ്റൊരാളും. ആദ്യത്തെയാൾ തിരുക്കർമ്മത്തിന്റെ തുടക്കത്തിൽ മംശംശാനാമാരെ പുരോഹിതപടത്തിലേക്കുയർത്താൻ മെത്രാനോടു് അഭ്യർത്ഥിക്കുന്നു. അപരൻ കൈവെയ്പുപ്രാർത്ഥനയ്ക്കുമുമ്പു പ്രാർത്ഥിക്കുവാൻ എല്ലാവരേയും ഉദ്ബോധിപ്പിക്കുന്നു.

7 ഓരോ വായനയുംകഴിഞ്ഞു് സങ്കീർത്തനത്തിനുശേഷമുള്ള പ്രാർത്ഥന ചൊല്ലുവാൻ മൂന്നു വൈദികരെ നിയോഗിച്ചിരിക്കണം; കൈവയ്പുപ്രാർത്ഥന കഴിഞ്ഞു് തക്കസമയത്തു നവവൈദികരെ തിരുവസ്ത്രങ്ങൾ ധരിപ്പിക്കാൻ ഏതാനും വൈദികരെ മുൻകൂട്ടി ഏല്പിച്ചിരിക്കേണ്ടതാണു്.

8 വായനകൾ നടത്തുക, കാരോസൂസാ ചൊല്ലുക എന്നിവയ്ക്കു പ്രത്യേകം തഴക്കമുള്ള ശുശ്രൂഷികളുണ്ടായിരിക്കണം.

9 പട്ടമേല്ക്കുന്നുള്ളവർ അനുബന്ധത്തിൻ കൊടുത്തിരിക്കുന്ന വിശ്വാസപ്രഖ്യാപനം നിർദ്ദിഷ്ട അധികാരിയുടെ മുമ്പാകെ മുൻകൂട്ടി നടത്തിയിരിക്കണം.

10 വൈദികർക്കും പട്ടമേല്ക്കുന്നവരുടെ സംബന്ധികൾക്കും ദൈവാലയത്തിൽ പ്രത്യേക സ്ഥലസൗകര്യമുണ്ടായിരിക്കണം. സംബന്ധികൾക്കു നവവൈദികർതന്നെ

ആദ്യമായി വി. കുർബാന കൊടുക്കത്തക്ക ക്രമീകരണവും മുൻകൂട്ടി ചെയ്യണം.

11 കുർബാനപ്പട്ടം കഴിഞ്ഞ ഉടനെ സമൂഹബലിയാണർപ്പിക്കുക. സൗകര്യമുണ്ടെങ്കിൽ ഈ കുർബാനയിൽ, ബന്ധത്തിൽപ്പെട്ട മറ്റു വൈദികർക്കും സഹകാമ്മികരാകാം. എന്നാൽ പ്രധാന കാർമ്മികന്റെ തൊട്ടടുത്തായി എപ്പോഴും നവവൈദികർക്കായിരിക്കും സ്ഥാനം.

ii പ്രദക്ഷിണം

12 തക്കസ്ഥലത്തു് എല്ലാവരും മദ്ബഹായിലേയ്ക്കുള്ള പ്രദക്ഷിണത്തിനു തയ്യാറാകുന്നു. പട്ടമേല്ക്കുന്നവർ മ്ശംശാനാമാരുടെ അംശവസ്ത്രം ധരിച്ചിരിക്കണം. തിരുവസ്ത്രം ഇടത്തെ കൈപ്പത്തിയിൽ മടക്കിയിട്ടുകൊണ്ടാണു് പ്രദക്ഷിണത്തിൽ പങ്കെടുക്കേണ്ടതു്.

13 കുരിശും തിരികളും ആദ്യം, പുറകിൽ ധൂപകലശം, അതുകഴിഞ്ഞു് കുഷ്ഠീനിൽവെച്ച വി. ഗ്രന്ഥം—ഈ ക്രമത്തിൽ ഇവ വഹിച്ചുകൊണ്ടു് ശുശ്രൂഷികൾ പ്രദക്ഷിണം നയിക്കുന്നു. അതിനുശേഷം പട്ടമേല്ക്കുന്നവർ; തുടർന്നു് സമൂഹബലിക്കു് തിരുവസ്ത്രമണിഞ്ഞ സഹകാർമ്മികന്മാർ (ഉണ്ടെങ്കിൽ), അവസാനം രണ്ടു സഹായവൈദികരുടെ മദ്ധ്യേ വടിയും മുടിയുമണിഞ്ഞ മെത്രാൻ.

14 വി. ഗ്രന്ഥം വഹിക്കുന്നയാൾ മറ്റു ശുശ്രൂഷികളോടുകൂടെ ഒരുമിച്ചു് ആചാരംചെയ്തു് വി. ഗ്രന്ഥം കുഷ്ഠീനോടുകൂടെ അൾത്താരയുടെ നടുവിൽ തുറന്നു വയ്ക്കുന്നു.

15 പട്ടമേല്ക്കുന്നവർ ഈരണ്ടുപേരായി അച്ചാരംചെയ്യുന്നു. വായനകർത്താക്കൾക്കും അല്പംമാറി അഭിമുഖമായി നില്ക്കുന്നു. വായനകർത്താക്കൾക്കും പ്രഭാഷണത്തിനും അവർക്ക് ഇരിക്കാവുന്നതാണ്.

iii *ദൈവവചനശുശ്രൂഷ*

16 മെത്രാൻ അച്ചാരംചെയ്യുന്നവരുടെ മേൽത്തളത്തിലേയ്ക്കു കയറി ജനങ്ങളിലേക്കു തിരിഞ്ഞുനില്ക്കുന്നു. അടുത്തെത്തുന്നവരുടെ അഭ്യർത്ഥനയ്ക്ക് ഉത്തരം നല്കിയശേഷം വടി ശുശ്രൂഷിയെ ഏല്പിക്കുന്നു. തുടർന്ന് കുർബാനയിലെപ്പോലെ ക്രമമാരംഭിക്കുന്നു.

17 വായനകർത്താക്കളുള്ള "വിജ്ഞാപനവും" മറ്റു വിജ്ഞാപനങ്ങളും മുൻകൂട്ടി നിർദ്ദേശിച്ചിട്ടുള്ള ഒരു വൈദികൻ അറിയിക്കുന്നു. അടുത്തെത്തുന്നവരുടെ മൂന്നു വായനകർത്താക്കൾ ഇരിക്കാം.

18 വായന കഴിഞ്ഞു ഏതാനും നിമിഷത്തേയ്ക്കു ദൈവവചനത്തെപ്പറ്റി എല്ലാവരും മൗനമായി ധ്യാനിക്കുന്നു. അതിനുശേഷം സങ്കീർത്തനം പാടുന്നു. സങ്കീർത്തനം ആരംഭിക്കുന്നതിനുമുമ്പായി മൗനപ്രാർത്ഥനയ്ക്ക് ഓരോ പ്രാവശ്യവും കൃത്യസമയം പാലിച്ചുകൊണ്ട് ഗാനമാരംഭിക്കുന്നു.

19 സുവിശേഷം വായിക്കുന്നതു പട്ടമേല്ക്കുന്നവരെ അഭിമുഖീകരിക്കത്തക്കവിധം മേൽത്തളത്തിലോ അതിനുതൊട്ടു താഴെയോ ആയിരിക്കണം. അഴിവാതിലൂടെയ്ക്ക് പോകേണ്ടതില്ല.

iv ഗുരുപ്പട്ടദാനം

20 കൈവയ്പു പ്രാത്ഥനയ്ക്കു തൊട്ടുമുമ്പുള്ള പ്രാത്ഥനയുടെ സമയത്തു് സന്നിഹിതരായിരിക്കുന്ന വൈദികരെല്ലാം കൈകൾ യാചനാരൂപത്തിൽ അല്പം ഉയത്തിപ്പിടിക്കുന്നു. അവസാനം ആശീർവ്ദിക്കയും ചെയ്യുന്നു.

21 സഹായവൈദികന്റെ അഭ്യത്ഥനകഴിയുമ്പോൾഎല്ലാവരും അല്പസമയം മൗനമായി പ്രാത്ഥിക്കുന്നു. അതു കഴിഞ്ഞു മെത്രാൻ ഇരുകരങ്ങളും പുരോഹിതാത്ഥികളുടെ മേൽ നീട്ടി കൈവെയ്പു പ്രാത്ഥനയാരംഭിക്കുന്നു.

22 പുരോഹിതാത്ഥികൾ കൂടുതൽ ഏകാഗ്രമായി തല കുനിച്ചു് ഭക്തിയോടെ മുട്ടുകുത്തിത്തന്നെ നില്ക്കുന്നു. തക്ക സമയത്തു് ഓരോരുത്തരായി മെത്രാനെ സമീപിച്ചു കൈവെയ്പു് നേരിട്ടു സ്വീകരിക്കുന്നു. അതു കഴിഞ്ഞു് യഥാസ്ഥാനത്തുതന്നെ വന്നു മുട്ടുകുത്തണം. ഈ സമയത്തു് യാതൊരു ഗാനവും പാടേണ്ടതില്ല.

കൈവയ്പുപ്രാത്ഥന അവസാനിക്കുമ്പോൾ നവവൈദികർ തങ്ങളുടെമേൽത്തന്നെ കുരിശടയാളം വരയ്ക്കേണ്ടതാണു്.

23 മൂറോൻ കൊണ്ടുള്ള ദുശ്മാ കഴിഞ്ഞു് ഓരോരുത്തരും ബലിപീഠത്തിന്റെ ഇരുവശത്തേക്കും പോകുന്നു. ഈ സമയത്തു സഹായവൈദികർ ഇരുവരും സൈത്തു തുടച്ചുമാറ്റുന്നു.

24 മെത്രാൻ സുവിശേഷം നല്കുന്ന സമയത്തു് ആദരപൂ

വ്വും കുനിഞ്ഞു നെറ്റി അതിന്മേൽ തൊട്ടുവിച്ചു സ്വീകരിക്കുന്നു. ഉടനെതന്നെ അതു ശുശ്രൂഷികളുടെ കൈകളിൽ ഏല്പിക്കുന്നു.

v ബലിയർപ്പണഭാഗം

25 മദ്ബഹായുടെ വാതിൽക്കൽ നടുവിലായി സ്ഥാപിച്ചിരിക്കുന്ന മേശയുടെ പക്കലേക്കു മെത്രാൻ വന്നു്, അതിന്മേൽ അപ്പവും വീഞ്ഞും തയ്യാറാക്കുന്നു. കാസായും പീലാസായുമെടുത്തു് ഏറ്റവും അടുത്തുനില്ക്കുന്ന രണ്ടു വൈദികരുടെ കൈകളിൽ കൊടുത്തിട്ടു ബലിപീഠത്തിലേക്കു പോകുന്നു. പ്രസ്തുത നവവൈദികർ കാസായും പീലാസായും തൊട്ടടുത്തുള്ള സഹകാർമ്മികന്മാക്കു നല്കുന്നു. ഇങ്ങനെ അടുത്തുനില്ക്കുന്നവർവഴി കൈമാറി ഒരുവശത്തുനിന്നു കാസായും മറുവശത്തുനിന്നു പീലാസായും മെത്രാന്റെ കരങ്ങളിലെത്തിക്കുന്നു.

26 പ്രധാനകാർമ്മികന്റെ ഇരുവശങ്ങളിലും നില്ക്കുന്ന രണ്ടു സഹകാർമ്മികരാണു് ഉപകാരസ്മരണയുടെ രണ്ടു പ്രാർത്ഥനകളും ചൊല്ലേണ്ടതു്.

27 അവസാനമുള്ള ആശീർവ്വാദപ്രാർത്ഥന മേൽത്തളത്തിൽത്തന്നെ നിന്നുകൊണ്ടു മെത്രാൻ ചൊല്ലുന്നു.

X X X X

ഈ തിരുക്കർമ്മം വൈദികപട്ടം നല്കുന്നതിനുവേ

ങ്ങി പ്രത്യേകം ഉദ്ദേശിച്ചിട്ടുള്ളതാണ്. ഇതിനിടയ്ക്കുതന്നെ ഇതരപട്ടങ്ങളും കൊടുക്കുക ആവശ്യമാണെങ്കിൽ താഴെപ്പറയുന്ന വിധം ചെയ്യാം:

1 പ്രാർത്ഥനകളുടെ ഐകരൂപ്യത്തിനു ഭംഗംവരാതിരിക്കുവാൻ മറ്റു പട്ടങ്ങൾക്കും സുവിശേഷപ്രഭാഷണം കഴിഞ്ഞുടൻ കൊടുക്കുന്നു.

2 തലമുടിമുറിക്കുന്നതു് ഉപേക്ഷിക്കുന്നു.

3 കാരോയാപ്പട്ടം: പഴയ പൊന്തിഫിക്കൽ 1-ാംപേജിൽ പറഞ്ഞിരിക്കുന്നതുപോലെ കൊന്തീനായും സൂനാറായും ധരിപ്പിക്കുക. പിന്നീടു 3-ാംപേജിലെ പ്രാർത്ഥന ചൊല്ലുക. 5-ാംപേജിലെ പ്രാർത്ഥനയ്ക്കുള്ള യാചന സഹായവൈദികൻ നടത്തുന്നു. തുടർന്നു 6, 7 എന്നീ പേജുകളിലെ "ആശീർവ്വാദപ്രാർത്ഥന" മലയാളത്തിൽ ചൊല്ലി കാരോയപട്ടം കൊടുക്കുന്നു. 7-ാംപേജിൽ കൊടുത്തിട്ടുള്ള മറ്റു നിർദ്ദേശങ്ങളും അനുഷ്ഠിക്കുന്നു.

4 ഷെവുപ്പദ്-യാക്കോനാപ്പട്ടം: 8-ാംപേജിലെ പ്രാർത്ഥനയ്ക്കുള്ള യാചന സഹായവൈദികൻ നടത്തുന്നു. 10-ാംപേജിലെ "ആശീർവ്വാദപ്രാർത്ഥന" ചൊല്ലി പട്ടം കൊടുക്കുന്നു. 10-ാംപേജിലെ മറ്റു നിർദ്ദേശങ്ങളും പാലിക്കണം.

5 മംശംശാനാപ്പട്ടം: 34 മുതൽ 40 വരെയുള്ള പേജു കളിലെ കൈവയ്പുപ്രാത്ഥനകൾ ചൊല്ലുന്നു. അതു കഴിഞ്ഞു 40-ാംപേജിലെ നിർദ്ദേശങ്ങളും അനുഷ്ഠിക്കുന്നു.

6 ഓരോ പട്ടവും സ്വീകരിച്ചുകഴിഞ്ഞുടനെ മെത്രാ ന്റെ കൈ ചുംബിച്ചു് ഓരോ ഗ്രൂപ്പും സ്വസ്ഥാ നങ്ങളിലേക്കു മടങ്ങുന്നു.

മംശംശാനാപ്പട്ടം കഴിഞ്ഞുടനെ കാറോസൂസാ തുടങ്ങുന്നു.

കുർബാനപ്പട്ടം കൊടുക്കുന്ന ക്രമം

1. പ്രദക്ഷിണം

പട്ടം സ്വീകരിക്കാനുള്ളവർ മദ്ബഹായിൽ പ്രവേശിച്ച് ആചാരം ചെയ്തതിനുശേഷം യഥാസ്ഥാനത്തു നില്ക്കുന്നു. പ്രദക്ഷിണസമയത്തു താഴെക്കൊടുത്തിരിക്കുന്ന പാട്ട പാടാവുന്നതാണ്.

സ്വർഗ്ഗത്തിൻ വാതിൽ തുറന്നിതാ
സ്വർഗ്ഗീയദീപം പരന്നിതാ
മാനത്തിന്നാനന്ദ രാഗമായ്
മാലാഖമാരുടെ ഗാനമായ്

പാടുവിൻ മാനവരേ, മുദാ
ഭുവനം സർവ്വപ്രപഞ്ചമേ
നില്ക്കുന്നിതംഭോരുന്നിലായ്
നിത്യപിതാവിൻ പുരോഹിതർ.

കത്താവേ നിൻ സുവിശേഷത്തിൻ
സത്യവിളംബരം ചെയ്യുവാൻ
നില്ക്കുമീ താവകദാസരിൽ
നിസ്തുല ദാനങ്ങളേകണേ.

പാവന സ്നേഹത്തിൻ സൗരഭ്യം
പാരിൽപരത്തുമീ ദാസരെ
താവക പൂഞ്ചിറകാലെ നീ
പാലനം ചെയ്യുമാറാകണേ.

ശക്തിയിൽശക്തരായ് തീർന്നിടാൻ
സർവ്വൈകശക്തനാം ദൈവമേ
ദൈവമഹത്പ്രചാരക-
ക്കാവശ്യമാം ബലംനൽകണേ.

ഏറ്റവുംസമുന്നത സ്ഥാനത്തിൻ,
യോഗ്യവിഹീനക്തുല്യമീ-
ഭാഗ്യംപകർന്നിട്ടും ദൈവത്തെ
വാഴ്ത്തിടാം നമ്മളിന്നാദരാൽ.

2. മെത്രാനോടുള്ള അഭ്യർത്ഥന

സഹായവൈദികൻ: അഭിവന്ദ്യപിതാവേ, പരിശീലനം പൂർത്തിയാക്കിയ ഈ മംശംശാനാമാരെ പുരോഹിതപദത്തിലേക്കുയർത്തണമെന്നു് സഭയ്ക്കു വേണ്ടി ഞാൻ അങ്ങയോടഭ്യർത്ഥിക്കുന്നു.

മെത്രാൻ: നമ്മുടെ കർത്താവീശോമിശിഹായുടെ കൃപയിൽ ആശ്രയിച്ചുകൊണ്ടു് തിരുസഭയുടെ നാമത്തിൽ നാം ഇവരെ സ്വീകരിക്കുന്നു. സേവനമനുഷ്ഠിക്കുവാനും എല്ലാവർക്കുംവേണ്ടി ആത്മാർപ്പണം ചെയ്യുവാനും വന്ന മിശിഹാ ഇവരെ തന്റെ ശുശ്രൂഷയ്ക്കായി തിരഞ്ഞെടുത്തു് അനുഗ്രഹിക്കുമാറാകട്ടെ.

സമൂഹം: നമ്മുടെ കർത്താവായ മിശിഹായ്ക്കു സ്തുതി.

3. പ്രാരംഭപ്രാർത്ഥനകൾ

മെ: പിതാവിന്റേയും ✠ പുത്രന്റേയും പരിശുദ്ധാത്മാവിന്റേയും നാമത്തിൽ.

സ: ആമ്മേൻ.

മെ: അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി.

സ: ആമ്മേൻ.

മെ: ഭൂമിയിൽ മനുഷ്യർക്കു സമാധാനവും പ്രത്യാശയും എപ്പോഴും എന്നേയ്ക്കും.

സ: ആമ്മേൻ.

കർത്തൃപ്രാർത്ഥന

മെ: സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, (സമൂഹവുംക്രൂടി) അങ്ങയുടെ നാമം പൂജിതമാകണമേ. അങ്ങയുടെ രാജ്യം വരണമേ. അങ്ങയുടെ തിരുമനസ്സ് സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലുമാകണമേ. അന്നന്നുവേണ്ട ആഹാരം ഇന്നു ഞങ്ങൾക്കു നൽകണമേ. ഞങ്ങളോട് തെറ്റുചെയ്യുന്നവരോട് ഞങ്ങൾ ക്ഷമിക്കുന്നതുപോലെ ഞങ്ങളുടെ തെറ്റുകൾ ഞങ്ങളോടും ക്ഷമിക്കണമേ. ഞങ്ങളെ പ്രലോഭനത്തിൽ ഉൾപ്പെടുത്തരുതേ. തിന്മയിൽനിന്നു ഞങ്ങളെ രക്ഷിക്കണമേ. എന്തുകൊണ്ടെന്നാൽ രാജ്യവും ശക്തിയും മഹത്വവും എന്നേയ്ക്കും അങ്ങയുടേതാകുന്നു. ആമ്മേൻ.

ശു: പ്രാർത്ഥിക്കാം. നമുക്കു സമാധാനം.

മെ: പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ, സത്യത്തിലും അരൂപിയിലും അങ്ങേയ്ക്ക് ആരാധനയർപ്പിക്കുന്ന വിശുദ്ധ സഭയിൽ അങ്ങ

പ്രസാദിക്കണമേ. അങ്ങേ മഹത്വത്തിനും സഭയുടെ വിശ്വാസീകരണത്തിനുംവേണ്ടി ആത്മാർപ്പണം ചെയ്യുവാൻ സന്നദ്ധരായ നിരവധി ശുശ്രൂഷികളെ ഞങ്ങൾക്കു നൽകണമേ. അങ്ങേ കാരുണ്യത്താൽ വിശ്വാസ പൗരോഹിത്യം സ്വീകരിക്കുവാൻപോകുന്ന ഈ നിയുക്തവൈദികർവഴി അങ്ങേ നാമം സ്തുതിക്കപ്പെടുകയും അങ്ങേ ഭരണം സംസ്ഥാപിക്കപ്പെടുകയും ചെയ്യുമാറാകട്ടെ.

സ: ആമ്മേൻ

സങ്കീർത്തനം: 84

(സമൂഹം രണ്ടു ഭാഗമായി)

സൈന്യങ്ങളുടെ കർത്താവാം—ദൈവമേ തവ മന്ദിരം
എത്ര മനോജ്ഞമാം, മാത്മാവി—ന്നെത്ര സന്തോഷദായകം

കാനോന:

"എത്ര ചേതോഹരം ദൈവ-പുത്രൻ തീർത്ത സഭാഭവൻ!
കീർത്തിച്ചീടുന്നതിൽ ദിവ്യ—സ്തോത്രം മനോജ്ഞമെപ്പൊഴും

ആചാര്യന്മാരഹോരാത്രം—പൂജയർപ്പിക്കുന്നു പൂജിതം
ദിവ്യ ദിവ്യ പ്രഭാപൂരം—വീശുന്തൻസഭമോഹനം."

സൈന്യങ്ങളുടെ കർത്താവാം—ദൈവമേ തവമന്ദിരം
എത്ര മഞ്ജുള, മാത്മാവി—ന്നെത്ര സന്തോഷദായകം.
കർത്താവിന്നങ്കണം കാൺമാ—നാശയാ കാത്തിരിപ്പൂ
ഞാൻ!

ജീവിക്കുമീശനേ വാഴ്ത്ത—ന്നിതു മദ്ദേഹദേഹികം.
കുരുവിപ്പക്ഷിയും മീവൽ—പക്ഷിയും ഭീതിയെന്നിയേ,
പാർക്കുവാൻ ഭദ്രമായുള്ള—ക്കൂടുകണ്ടെത്തി മോഹനം.
കർത്താവിൻ ബലിപീഠത്തി—ന്നരികിൽത്തൻ ശിശുക്കളെ

അവ പോററി വളർത്തുന്നു—നിസ്തുലാനന്ദവായ്പോടെ,
തവഗേഹത്തിൽ മേവുന്നോ—രെത്ര സൗഭാഗ്യശാലി
കരം,

അവിടേയ്ക്കുവരെന്നെന്നും—പാടും നിർമ്മലകീർത്തനം.
കർത്താവിൽ, തൻബലം കാണ്മോർ—ഭാഗ്യവാന്മാര
നാരതം,

അവർക്കു ഹൃദയം തീർത്ഥ—യാത്രയ്ക്കുദ്യുക്തമെപ്പോഴും.
അവർ ചെന്ന കടക്കുമ്പോൾ-മരു നീരാൽ നിറഞ്ഞിടും
അവിടം മാരിവർഷത്താൽ—നേടും മുറുമനുഗ്രഹം
അവർക്കു മേല്ക്കുമേൽ ശക്തി—കൈവരും വർദ്ധമാനമായ്
സീയോനിലവർ കണ്ടെത്തും—ദേവന്മാരുടെ ദേവനെ.
സൈന്യങ്ങളുടെ കർത്താവേ!—കേൾക്കണേ
മാമകാർത്ഥനം,

യാക്കോബിൻ ദൈവമേ! ശ്രദ്ധ—വെച്ചാലും ഭാസുരൻ
ഭവാൻ,

ഞങ്ങൾക്കു രക്ഷയാം നാഥാ!—ഹാ! കടാക്ഷിക്ക
ഞങ്ങളെ,
തവാഭിഷിക്തവദനം—തുക്കൺപാർക്കുക ദൈവമേ!
ആയിരംദിനമന്യത്ര—ചാപ്പ്തേക്കാൾ നിനയ്ക്കുകിൽ
തവാങ്കണത്തിൽക്കഴിയു—മൊരുനാൾതന്നെയുത്തമം
ദുഷ്ടന്മാരുടെ ക്രൂരം—തന്നിൽ മേവുന്നതിൽപ്പരം
ദേവാലയത്തിൻ വാതില്പ്പൽ—നില്പതത്രെ പ്രിയങ്കരം.
നമുക്കു തുണയും തുണും—നിത്യം കർത്താവു മാത്രമാം;
കൃപാവര മഹത്വങ്ങ—ളവിടുന്നേകുമൻപൊടെ.
പരിശുദ്ധിയിലെന്നാളും—വ്യാപരിപ്പോർക്കു ലേശവും
അവിടുന്നു നിഷേധിക്കു—ന്നില്ല നന്മകളൊന്നുമേ.
സൈന്യങ്ങളുടെ കർത്താവേ!—രാജാവേ, മമദൈവമേ!
അങ്ങിൽശരണമാശിക്കു—ന്നവരോ ഭാഗ്യശാലികൾ.
നിത്യനാം പിതാവിനും—പുത്രനും പവിത്രാത്മനും
നിത്യം നിത്യം സ്തുതിസ്തോത്രം—ആദിതൊട്ടെന്നുമേ.
ആമ്മേൻ

സൈന്യങ്ങളുടെ കർത്താവാം—ദൈവമേ! തവ മന്ദിരം
എത്ര മഞ്ജുള, മാത്മാവി—ന്നെത്രസന്തോഷദായകം.
കാനോന:
"എത്രചേതോഹരം ദൈവ—പുത്രൻ തീർത്തസഭാഭവൻ!
കീർത്തിച്ചീടുന്നതിൽ ദിവ്യ—സ്തോത്രം മഞ്ജുള
മെപ്പൊഴും
ആചായ്മാരഹോരാത്രം—പൂജയർപ്പിക്കുന്ന പൂജിതം
ദിവ്യ ദിവ്യ പ്രഭാപൂരം—വീശുംസഭമോഹനം".

7091

ശു: പ്രാത്ഥിക്കാം. നമുക്ക സമാധാനം.

മെത്രാൻ: ഞങ്ങളുടെ കത്താവേ, ഞങ്ങളുടെ ദൈവമേ, അങ്ങയുടെ പ്രിയപുത്രന്റെ പൗരോഹിത്യത്തിലും ദിവ്യധർമ്മത്തിലും പങ്കെടുത്തുകൊണ്ടും അങ്ങേ സ്നേഹത്തിനു സാക്ഷികളായി അങ്ങേക്ക സേവന മനുഷ്ഠിച്ചുകൊണ്ടും ജീവിക്കുവാൻ അങ്ങു സഭയെ അനുഗ്രഹിച്ചിരിക്കുന്നു. വിശുദ്ധ സുവിശേഷവും ദിവ്യക്രൂശകളുംവഴി അങ്ങയിൽനിന്നു പ്രകാശവും ജീവനും ഇടവിടാതെ അവർക്ക പ്രാപിച്ചുകൊണ്ടിരിക്കയും ചെയ്യുന്നു. അങ്ങേതിരുക്കുമാരൻ തന്റെ നിത്യപൗരോഹിത്യത്തിൽ ഇവരെ പങ്കുചേർക്കുന്ന ഈ സമയത്തു് അനുഗ്രഹസമ്പന്നമായ സഭയോടുചേർന്നു് ഞങ്ങൾ അങ്ങയെ സ്തുതിക്കുകയും നിരന്തരം പുകഴ്ത്തുകയും ചെയ്യുന്നു.

സ: ആമ്മേൻ.

മെത്രാൻ താഴെ വരുന്ന പ്രാത്ഥന ചൊല്ലി ധൂപം അശീർവദിക്കുന്നു

മെ: നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ അങ്ങയുടെ പ്രസാദത്തിനും മനുഷ്യവർഗ്ഗത്തിന്റെ പാപങ്ങളുടെ മോചനത്തിനുമായി സമർപ്പിക്കുന്ന ഈ ധൂപം അങ്ങയുടെ ആരാധ്യ

മായ ത്രിത്വത്തിന്റെ നാമത്തിൽ ആശീർവ്വദിക്കപ്പെടട്ടെ.

ശ്ലൂശ്ലൂഹാ ക്രമപ്രകാരം മദ്ബഹാ ധൂപിക്കുന്നു

സമൂഹം: അഖിലലോക നായകാ,
വാഴ്ത്തിടുന്നു ഞങ്ങൾ
ഈശോ നാഥാ,
പുകഴ്ത്തിടുന്നു ഞങ്ങൾ

നീയല്ലോ ശരീരങ്ങൾ-
ക്കുയിർപ്പേകുന്നു.
നീ തന്നെയാത്മാവിനു
രക്ഷയേകുന്നു.

ശ്ലൂ: പ്രാത്ഥിക്കാം. നമുക്കു സമാധാനം.

മെത്രാൻ: ഞങ്ങളുടെ പാപപ്പരിഹാരാർത്ഥം കുരിശിൽ സ്വയം ബലി അർപ്പിക്കുകയും ഞങ്ങളുടെ വിശ്രുദ്ധീകരണത്തിനായി ഉയിർത്തെഴുന്നേല്ക്കുകയും ചെയ്ത കർത്താവേ, അങ്ങയുടെ പൌരോഹിത്യരഹസ്യത്തിന്റെ ദിവ്യചൈതന്യംകൊണ്ട്, ഈ സമൂഹത്തേയും പ്രത്യേകമായി അങ്ങയുടെ ഈ ദാസരേയും നിറയ്ക്കണമേ. അങ്ങയുടെ പരിശുദ്ധാത്മാവിനെ അയച്ച് ഇവരിൽ ദിവ്യദാനങ്ങൾ വർഷിക്കണമേ. അങ്ങേയ്ക്കുവേണ്ടിമാത്രം ജീവിക്കുന്നതിനും അങ്ങേ സഭ

യ്ക്ക് സേവനമനുഷ്ഠിക്കുന്നതിനുമുള്ള അനുഗ്രഹം ഇവക്ക് നല്കുകയും ചെയ്യണമേ.

സ: ആമ്മേൻ.

ശു: നമുക്കു സ്വരമുയർത്തി സജീവനായ ദൈവത്തെ പ്രകീർത്തിക്കാം.

സമൂഹം: സർവ്വേശാ, നീ പരിശുദ്ധൻ
ബലവാനേ, നീ പരിശുദ്ധൻ
നിത്യനമർത്ത്യൻ പരിശുദ്ധൻ
നിൻകൃപ ഞങ്ങൾക്കേകണമേ.

ശു: പ്രാർത്ഥിക്കാം. നമുക്കു സമാധാനം.

മെത്രാൻ: പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ, അങ്ങു പരിശുദ്ധിതന്നെയാകുന്നു. അങ്ങു വിശുദ്ധിയുടെ ഉറവിടമാകുന്നു. വിശുദ്ധ സഭയിൽ സംപ്രീതനായി അങ്ങു വസിക്കുകയും ചെയ്യുന്നു. തിരുമുമ്പിൽ വിശുദ്ധ സഭയുടെ ബലി വിശുദ്ധമായി അർപ്പിക്കുവാൻ ഇവരെ യോഗ്യരാക്കണമേ. വിശുദ്ധമായി ജീവിതം നയിക്കുന്നതിനും വിശുദ്ധിയിലേയ്ക്ക് സ്വസഹോദരങ്ങളെ ആനയിക്കുന്നതിനുമാവശ്യമായ അനുഗ്രഹം ഇവരിൽ വർഷിക്കുകയും ചെയ്യണമേ.

സ: ആമ്മേൻ.

4. വിശുദ്ധഗ്രന്ഥപാരായണം

മെത്രാൻ: ഞങ്ങളുടെ കർത്താവേ, ഞങ്ങളുടെ ദൈവമേ, ശ്ലീഹന്മാരിൽ ആവസിച്ച ദിവ്യജ്ഞാനങ്ങളും അവരിൽ സമൃദ്ധമായി വർഷിച്ച അങ്ങേ പരിശുദ്ധാത്മാവു ഞങ്ങളിലും വസിക്കുമാറാകട്ടെ. ഈശോമിശിഹായുടെ വിശുദ്ധപൗരോഹിത്യത്തെ പവിത്രമായി ക്കരുതുവാനും ക്രൂശുകളിലൂടെ അതിൽ പങ്കെടുക്കുവാനും ക്രിസ്തീയജീവിതത്തിലൂടെ അതു പ്രകാശിപ്പിക്കുവാനും ആവശ്യമായ പ്രകാശവും അനുഗ്രഹവും ഈ ദൈവവചനശ്രുശ്രൂഷവഴി ഞങ്ങൾക്കു നൽകണമേ.

സ: ആമ്മേൻ.

ഒന്നാംവായന

(ഉൽപ്പത്തി)

(വിജ്ഞാപനം: പൂർവ്വപിതാവായ അബ്രാഹമിനു ദൈവം നൽകിയ വാഗ്ദാനത്തോടെയാണു നമ്മുടെ രക്ഷയുടെ ചരിത്രം ആരംഭിക്കുക. നിത്യപുരോഹിതനായ മ്ശിഹായുടെ പ്രതീകമായിരുന്ന മെൽക്കിസിദെക്ക്. അബ്രാഹത്തിനുവേണ്ടി അദ്ദേഹം ദൈവത്തിനു കൃതജ്ഞതാബലിയർപ്പിക്കുന്ന ഭാഗമാണ് നാ

ഇപ്പോൾ വായിച്ചു കേൾക്കുന്നതു്. അപ്പവും വീഞ്ഞും ഉപയോഗിച്ചുകൊണ്ടാണല്ലോ നമ്മുടെകർത്താവു് തിരുവത്താഴസമയത്തു് സ്വയം ബലിയായി പിതാവിനു സമർപ്പിച്ചതു്).

ഒന്നാം വായനക്കാരൻ: എന്റെ സഹോദരരേ, ഉൽപ്പത്തിയുടെ പുസ്തകത്തിൽനിന്നുള്ള വായന (ഉൽ. 14: 17–20; 15:1, 5, 6).

"അബ്രാഹം ശത്രുക്കളെ തോല്പിച്ചു മടങ്ങിയെത്തിയപ്പോൾ സോദോമിലെ രാജാവു് തന്റെ സ്വന്തമായ ഷാവേ താഴ്വരയിൽവച്ചു് അദ്ദേഹത്തെ സ്വീകരിച്ചു. ശാലേമിലെ രാജാവായ മെൽക്കിസിദെക്കു് ബലിയർപ്പിക്കുവാൻ അപ്പവും വീഞ്ഞും കൊണ്ടുവന്നു. അദ്ദേഹം മഹോന്നതനായ ദൈവത്തിന്റെ പുരോഹിതനുംകൂടിയായിരുന്നു. അബ്രാഹത്തെ ആശിർവദിച്ചുകൊണ്ടു് മെൽക്കിസിദെക്കു് പറഞ്ഞു: "ആകാശവും ഭൂമിയും സൃഷ്ടിച്ച അത്യുന്നതനായ ദൈവം അബ്രാഹത്തെ അനുഗ്രഹിച്ചിരിക്കുന്നു. ശത്രുക്കളെ അങ്ങയുടെ കരങ്ങളിൽ ഏല്പിച്ചുതന്ന മഹോന്നതനായ ദൈവവും വാഴ്ത്തപ്പെട്ടവനാകട്ടെ".

"ഇതിനുശേഷം ദർശനംനൽകി ദൈവം അബ്രാഹമിനെ ഇങ്ങനെ അറിയിക്കയുണ്ടായി: "അബ്രാഹമേ, ഭയപ്പെടേണ്ട. ഞാനാണു് നിന്റെ സം

രക്ഷകൻ. നിനക്കുള്ള പ്രതിസമ്മാനം വളരെ വലുതായിരിക്കും". കത്താവു വീണ്ടും അരുളിച്ചെയ്തു: "ആകാശത്തിലേക്കു നോക്കി, കഴിയുമെങ്കിൽ നക്ഷത്രങ്ങളുടെ എണ്ണമെടുക്കുക. നിന്റെ സന്തതികളും അതുപോലെ വർദ്ധിക്കുന്നതായിരിക്കും." അബ്രാഹം ദൈവത്തെ വിശ്വസിച്ചു. ആ വിശ്വാസം അദ്ദേഹത്തിന്റെ വിശുദ്ധിക്ക് അടിസ്ഥാനമായി ഭവിക്കയും ചെയ്തു."

സ: നമ്മുടെ കത്താവായ മിശിഹായുടെ സ്തുതി.

(അല്പസമയം മൗനമായി ധ്യാനിക്കുന്നു)

സങ്കീർത്തനം: 110

കത്താവെന്നുടെ കത്താവോ—ടോതി "നീയെൻ
വലംവശം
ഇരിക്ക, ശത്രുവൃന്ദത്തെ—നിന്റെ കാല് കീഴിലാക്കുവൻ"
കത്താവധ്രാധികാരത്തിൻ—ചെങ്കോൽ സീയോനിൽ
നിന്നുമേൽ
അയയ്ക്കും, ശത്രുമദ്ധ്യേ നീ—വാഴ്ക രാജാധിരാജനായ്.
വിശുദ്ധിയുടെ തേജസ്സീ—ഞാൻ, നിൻ പിറവിയോടെ
താൻ
നിനക്കേകി; യുഷസ്സിനു—മുമ്പേ, നിന്നുടെ ജന്മവും.

"മെൽക്കീസ്ദേക്കിനു നേരായി—നീയും നിത്യ
പുരോഹിതൻ"
സത്യം ചെയ്തോതീവണ്ണം—ദൈവം; താൻ
വ്യാജമോതിടാ.

ശ്രുശ്രൂഷി: പ്രാർത്ഥിക്കാം. നമുക്കു സമാധാനം.

പുരോഹിതന്മാരിലൊരാൾ: പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ, മെൽക്കിസിദേക്കിന്റെ സാദൃശ്യം വഹിക്കുന്ന നിത്യപുരോഹിതനായ മിശിഹായുടെ പൗരോഹിത്യത്തിൽ ഞങ്ങളുടെ ഈ സഹോദരന്മാരെ പങ്കാളികളാക്കണമേ. ബലിയർപ്പകനും ബലിവസ്തുവുമായ മിശിഹായെ അനുകരിക്കുവാൻ ഇവർക്ക് അനുഗ്രഹം നൽകണമേ. നല്ല ഇടയനെപ്പോലെ അങ്ങേക്കു പ്രതിഷ്ഠിതവും സജീവവും വിശുദ്ധവുമായ ബലിയായി സ്വന്തം അജഗണങ്ങൾക്കു മാതൃകയായിത്തീരുവാനും ഇവരെ സഹായിക്കണമേ.

സമൂ: ആമ്മേൻ.

രണ്ടാംവായന

(പ്രവചനം)

(വിജ്ഞാപനം: നിത്യപുരോഹിതനായ മിശിഹാ തന്റെ പിതാവിന്റെ കാര്യത്തെപ്പറ്റി പ്രസംഗിച്ചു.

അവിടുത്തെ വ്യക്തിത്വവും പ്രവർത്തനങ്ങളും പ്രസംഗങ്ങളുമാണ് സുവിശേഷത്തിൽ ഉടനീളം നമുക്കു കാണാൻ കഴിയുക. ഈ സുവിശേഷസന്ദേശംതന്നെയാണ് ഇന്നും ദൈവജനത്തിനു പുരോഹിതൻ നല്കുവാനുള്ളത്. മിശിഹായുടെ പ്രേഷിതവൃത്തിയെപ്പറ്റി പ്രവാചകൻവഴി ദൈവം നമ്മെ പഠിപ്പിക്കുന്നു)

രണ്ടാം വായനക്കാരൻ: എന്റെ സഹോദരരേ, ഇസയാസിന്റെ പ്രവചനത്തിൽനിന്നുള്ള വായന. (ഇസ. 61: 1-4)

"കർത്താവ് എന്നെ അഭിഷേകം ചെയ്തിരിക്കുന്നു. അതിനാൽ ദൈവമായ കർത്താവിന്റെ അരൂപി എനിക്കു നല്കപ്പെട്ടിരിക്കുന്നു. അവിടുന്ന് എന്നെ അയച്ചിരിക്കുന്നതു സാധുക്കളോടു സുവിശേഷം പ്രസംഗിക്കുന്നതിനും ഹൃദയവ്യഥയനുഭവിക്കുന്നവരെ സമാശ്വസിപ്പിക്കുന്നതിനുമാണ്. അടിമകൾക്കു സ്വാതന്ത്ര്യവും ബന്ധിതർക്കു മോചനവും പ്രഖ്യാപിക്കുക എന്നതാണ് എന്റെ ദൗത്യം.

കർത്താവിന്റെ പ്രസാദം ലഭിക്കുന്നതിനുള്ള സമയം ഞാൻ വെളിപ്പെടുത്തും. അതോടെ നമ്മുടെ ദൈവത്തിന്റെ ശിക്ഷാദിനവും. ദുഃഖിക്കുന്നവർക്ക് ഞാൻ ആശ്വാസമരുളും. ദുഃഖത്തിനു പകരം ഞാൻ അവരെ ആനന്ദംകൊണ്ട് അഭിഷേചിക്കും. വെണ്ണീറുമാറ്റി ഞാൻ അവരെ സന്തോഷത്തിന്റെ പൂമാലയണിയിക്കും. വിഷാദത്തിന്റെ സ്ഥാനത്തു ഞാൻ അവർക്ക്

ആനന്ദത്തിന്റെ മേലങ്കിയും നല്കും. ഇതിനുവേണ്ടിയാണു കർത്താവു് എന്നെ നിയോഗിച്ചിരിക്കുന്നതു".

സമൂ: നമ്മുടെ കർത്താവായ മിശിഹായ്ക്കു സ്തുതി.

(അല്പസമയം മൗനമായി ധ്യാനിക്കുന്നു)

സങ്കീർത്തനം 43

സ്വാമിൻ! തവ മഹാസത്യ—പ്രകാശങ്ങളെയെന്റെ മേൽ
സാനുഗ്രഹമയച്ചാലും—നയിക്കട്ടവ ദാസനെ.
അവയെന്നെ ബ്ഭവദ്ഗിരിവ്യ—ദിവ്യമാം ഗിരി തന്നിലും
ക്രൂശാരത്തിലുമിമ്പത്തോ—ടാനയിക്കട്ടെ നാഥ! മേൽ.
എൻ മഹാനന്ദമാം ദൈവ—ത്തിങ്കലേയ്ക്കു ഭയംവിനാ
ചെല്ലും ഞാൻ, കിന്നരംകൊണ്ടു—പാടിക്കീർത്തിക്ക മങ്ങയെ
എന്തിനീ ദുഃഖമാത്മാവേ—എന്തിനീ നെടുവീർപ്പുകൾ?
പ്രത്യാശിക്കുക, വീണ്ടും ഞാൻ—കീർത്തിക്കും മമനാഥനെ.

ശു: പ്രാർത്ഥിക്കാം. നമുക്കു സമാധാനം.

പുരോഹിതന്മാരിലൊരാൾ: പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ, ലോകത്തിന്റെ ദീപമായ മിശിഹായുടെ പ്രകാശം പരത്തുവാൻ ഈ

സഹോദരന്മാരെ സഹായിക്കണമേ. ലോകത്തിന്റെ വെളിച്ചവും ഭൂമിയുടെ ഉപ്പുമായിത്തീർന്ന് സഭാ സേവനമനുഷ്ഠിക്കുവാൻ ഇവരെ അനുഗ്രഹിക്കണമേ. വിശുദ്ധജീവിതത്തിലൂടെ സുവിശേഷസന്ദേശത്തിന് ഇവർ സാക്ഷ്യം വഹിക്കുമാറാകട്ടെ. മിശിഹായെ അനുദിനം അനുഗമിച്ചുകൊണ്ട് ഇവർ ദൈവജനത്തെ നയിക്കട്ടെ. ഇവരുടെ വൈദികസേവനം വഴി എല്ലാവരും അവിടുത്തെ അടുത്തറിയുന്നതിനും തീക്ഷ്ണമായി സ്നേഹിക്കുന്നതിനും വിശ്വസ്തമായി ശുശ്രൂഷിക്കുന്നതിനും ഇടയാകുകയും ചെയ്യട്ടെ.

സമൂ: ആമ്മേൻ.

മൂന്നാം വായന

(ലേഖനം)

വിജ്ഞാപനം: ദൈവജനമാണ് സഭ. അതു മിശിഹായുടെ മൗതികശരീരവും പരിശുദ്ധാത്മാവിന്റെ ആലയവുമാണ്. സഭയ്ക്കു സേവനമനുഷ്ഠിക്കുവാൻ സഭാംഗങ്ങളിൽ ചിലരെ ദൈവം നിയോഗിക്കുന്നു. വൈദികരുടെ ജീവിതാദർശമെന്താണെന്നും അവരുടെ ജീവിതധർമ്മം എന്തിലടങ്ങിയിരിക്കുന്നുവെന്നും വി. പൗലോസു നമ്മെ ഉൽബോധിപ്പിക്കുന്നു.

മൂന്നാം വായനക്കാരൻ: എന്റെ സഹോദരരേ! വി. പൗലോസ് ശ്ലീഹാ എഫേസൂസുകാർക്കെഴുതിയ ലേഖനം (എഫേ. 4: 1-7, 11-16).

"കർത്താവിന്റെ നാമത്തിൽ ഞാൻ നിങ്ങളോട് അപേക്ഷിക്കുകയാണ്: ദൈവമാണ് നിങ്ങളെ വിളിച്ചിരിക്കുന്നത്. അവിടുത്തെ വിളിക്കനുസൃതമായി വേണം നിങ്ങൾ ജീവിക്കുവാൻ. വിനയത്തോടും സൗമ്യതയോടും ക്ഷമയോടുംകൂടി വ്യാപരിക്കുവിൻ. സഹിഷ്ണത പ്രദർശിപ്പിച്ചുകൊണ്ട് സാഹോദര്യം പുലർത്തുവിൻ. സമാധാനബന്ധത്തിൽ പരിശുദ്ധാത്മാവു നല്കുന്ന ഐക്യം ദൃഢതരമാക്കുവിൻ. ഒരു സഭാശരീരമേയുള്ളൂ. പരിശുദ്ധാത്മാവും ഏകൻമാത്രം. നിങ്ങൾക്കു ലഭിച്ചിരിക്കുന്ന ദൈവവിളിയുടെ അവശ്യഫലമായ പ്രത്യാശയും ഒന്നുമാത്രം. ഒരു കർത്താവേയുള്ളൂ. അപ്രകാരം തന്നെ ഒരു മാമ്മോദീസായും ഏക വിശ്വാസവും. നാമെല്ലാവരുടേയും പിതാവും എല്ലാവർക്കും അതീതനും എല്ലാവരിലൂടെയും പ്രവർത്തിക്കുന്നവനും, എല്ലാവരിലും സ്ഥിതിചെയ്യുന്നവനുമായ ദൈവവും ഏകൻമാത്രമാണ്.

ചിലരെ ശ്ലീഹന്മാരായും മറ്റു ചിലരെ പ്രവാചകന്മാരായും ഇനിയും ചിലരെ സുവിശേഷപ്രസംഗകരായും അവിടുന്നു നിശ്ചയിച്ചിരിക്കുന്നു. കൂടാതെ പ്പർ ഇടയന്മാരായോ ഗുരുക്കന്മാരായോ തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നു. ഇങ്ങനെയുള്ളവർ വിശ്വാസികളെ

ദൈവസേവനത്തിനു സജ്ജമാക്കുന്നു; മിശിഹായുടെ ശരീരത്തെ പരിപോഷിപ്പിക്കുന്നു. അങ്ങനെ നാമെല്ലാവരും ദൈവപുത്രനെക്കുറിച്ചുള്ള അറിവിലും വിശ്വാസത്തിലും ഒന്നായിത്തീരും. പരിപൂർണ്ണമായ പക്വത കൈവന്നു മിശിഹായുടെതന്നെ വളർച്ചയുടെ പ്രായത്തിനും അനുഗ്രഹമായി നാം പൂർണ്ണമനുഷ്യരായിത്തീരുകയുംചെയ്യും."

(അല്പ സമയം മൗനമായി ധ്യാനിക്കുന്നു)

സങ്കീർത്തനം: 115

കർത്താവെനിക്കു ചെയ്തോരു—നന്മകൾക്കു
നിനയ്ക്കുകിൽ
എന്തു ഞാൻ പകരം നല്കു—മവിടേയ്ക്കു യഥോചിതം.
എന്റെ നിർമ്മലമാം രക്ഷാ—പാനപാത്രമെടുത്തു ഞാൻ,
കർത്തൃനാമം വിളിച്ചുൻപോ—ടപേക്ഷിക്കും
കൃതാർത്ഥനായ്
കർത്താവിന്റെ ജനങ്ങൾക്കു—മുമ്പിൽ വെച്ച
വിടേയ്ക്കു ഞാൻ
എന്റെ നേർച്ചകളോരോന്നു—മർപ്പിക്കും
വിനയാനുചിതം.
ഞാൻ സ്തോത്രബലിയർപ്പിക്കും—കർത്താവിനു
മഹത്തരം.
അവിടുത്തെത്തിരുനാമം—വിളിച്ചർത്ഥിക്കുമനുദിനം.

ജറൂസലമേ! നിൻമദ്ധ്യേ—കർത്തൃഗേഹാങ്കണത്തിൽ
ഞാൻ.
സർവ്വരും കാൺകെയർപ്പിക്കുന്നു—ഉപഭോഗത്തിന്റെ
നേർച്ചകൾ.

ശു: പ്രാർത്ഥിക്കാം. നമുക്കു സമാധാനം.

പുരോഹിതന്മാരിലൊരാൾ: പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ, ദൈവജനത്തിനു സേവനമനുഷ്ഠിക്കുവാൻ നിയോഗിക്കപ്പെട്ടിരിക്കുന്ന അങ്ങയുടെ ഈ ദാസരെ അനുഗ്രഹിക്കണമേ. സഭാശരീരത്തിന്റെ വളർച്ചയ്ക്കും പരിപോഷണത്തിനുമായി പ്രത്യേകം തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്ന ഇവരെ വിശുദ്ധീകരിക്കണമേ. പരിശുദ്ധാത്മാവിന്റെ ആലയമായ സഭയിൽ പുരോഹിതശുശ്രൂഷ ചെയ്യുവാൻ നിയുക്തരായ ഇവരെ അങ്ങേ സ്നേഹചൈതന്യംകൊണ്ടു നിറയ്ക്കണമേ. ഇവരുടെ സേവനംവഴി ഞങ്ങളുടെ സമൂഹം അങ്ങയോടുള്ള ഐക്യത്തിന്റേയും പരസ്പരസ്നേഹത്തിന്റേയും സജീവപ്രതീകമായിത്തീരുകയും ചെയ്യട്ടെ.

സമൂ: ആമ്മേൻ.

നാലാം വായന

(സുവിശേഷം)

മെത്രാൻ ധൂപമാശീർവദിക്കുന്നു; സമൂഹം ഹല്ലേലൂയാ മൂന്നുപ്രാവശ്യം പാടുന്നു. സുവിശേഷമെടുക്കുമ്പോൾ:

മെത്രാൻ: സകലത്തിന്റേയും നാഥാ, പിതാവിന്റെ സത്തയുടെ പ്രതിരൂപവും മഹത്വത്തിന്റെ പ്രകാശവുമായ മിശിഹായേ, അങ്ങു മനുഷ്യശരീരത്തോടെ പ്രത്യക്ഷപ്പെടുകയും ഞങ്ങളുടെ ഇരുളടഞ്ഞ ബുദ്ധിയെ സുവിശേഷത്തിന്റെ വെളിച്ചത്താൽ പ്രകാശിപ്പിക്കുകയും ചെയ്തു. അങ്ങേയ്ക്കു ഞങ്ങൾ എപ്പോഴും ആരാധനയും സ്തുതിയും കൃതജ്ഞതയും സമർപ്പിക്കുന്നു.

ലോകത്തിന്റെ പ്രകാശവും സകലത്തിന്റേയും ജീവനുമായ മിശിഹായേ, അങ്ങയെ ഞങ്ങളുടെ പക്കലേക്കയച്ച അനന്ത കാരുണ്യത്തിനു് എന്നേയ്ക്കും സ്തുതി.

ശ്ശ: നമുക്കു ശ്രദ്ധാപൂർവ്വം നിന്നു വിശുദ്ധ സുവിശേഷം ശ്രവിക്കാം.

മെ: നിങ്ങൾക്കു ✠ സമാധാനം.

സ: അങ്ങേയ്ക്കും സമാധാനം.

മൈ: വി. യോഹന്നാൻ എഴുതിയ നമ്മുടെ കർത്താവീശോ മിശിഹായുടെ സുവിശേഷം (യോഹ. 15: 5, 7-10, 13-11)

സമൂ: നമ്മുടെ കർത്താവായ മിശിഹായ്ക്കു സ്തുതി.

"ഞാൻ മുന്തിരിച്ചെടിയും നിങ്ങൾ ശിഖരങ്ങളുമാണു്. ഒരുവൻ എന്നിലും ഞാൻ അവനിലും ജീവിക്കുന്നപക്ഷം അവൻ ധാരാളമായ ഫലം പുറപ്പെടുവിക്കും. എന്നെക്കൂടാതെ നിങ്ങൾക്കൊന്നും ചെയ്യുക സാദ്ധ്യമല്ല. നിങ്ങൾ സമൃദ്ധമായ ഫലം പുറപ്പെടുത്തുകയും എന്റെ ശിഷ്യന്മാരായിരിക്കുകയും ചെയ്യുന്നതുമൂലം എന്റെ പിതാവു മഹത്വപ്പെടുന്നു. എന്റെ പിതാവു് എന്നെ സ്നേഹിക്കുന്നതുപോലെ ഞാനും നിങ്ങളെ സ്നേഹിക്കുന്നു. നിങ്ങൾ എന്റെ സ്നേഹത്തിൽ ജീവിക്കുവിൻ. ഞാൻ എന്റെ പിതാവിന്റെ നിർദ്ദേശങ്ങളനുസരിച്ചു് അവിടുത്തെ സ്നേഹത്തിൽ ജീവിക്കുന്നതുപോലെ എന്റെ നിർദ്ദേശങ്ങൾ അനുസരിച്ചാൽ നിങ്ങളും എന്റെ സ്നേഹത്തിൽ ജീവിക്കും.

സ്നേഹിതർക്കുവേണ്ടി ജീവൻ ബലിയർപ്പിക്കുന്നതിൽ കവിഞ്ഞ സ്നേഹമില്ല. ഞാൻ നിങ്ങളോടു പറഞ്ഞിട്ടുള്ളവയെല്ലാം അനുസരിക്കുന്നതായാൽ നിങ്ങൾ എന്റെ സ്നേഹിതന്മാരായിരിക്കും. മേലിൽ നിങ്ങളെ ഞാൻ ദാസന്മാരായിട്ടല്ല പരിഗണിക്കുക. യജമാനൻ ചെയ്യുന്നതെന്തെന്നു് ദാസൻ അറിയുന്നി

ല്ല. എന്റെ പിതാവിൽനിന്നു് അറിഞ്ഞവയെല്ലാം ഞാൻ നിങ്ങളേയും അറിയിച്ചുകഴിഞ്ഞു. അതിനാലാണു് ഞാൻ നിങ്ങളെ സ്നേഹിതർ എന്നു വിളിക്കുന്നതു്.

നിങ്ങളാ എന്നെ തിരഞ്ഞെടുക്കുകയല്ല; ഞാൻ നിങ്ങളെ തിരഞ്ഞെടുക്കുകയാണു ചെയ്തതു്. നിങ്ങൾ പോയി ഫലം ഉളവാക്കുവാനും നിങ്ങളുടെ ഫലങ്ങൾ നിലനില്ക്കുവാനുംവേണ്ടി ഞാൻ നിങ്ങളെ നിയോഗിക്കുന്നു."

സമൂ: നമ്മുടെ കർത്താവായ മിശിഹായ്ക്കു സ്തുതി.

4 പ്രഭാഷണം

വൈദികധർമ്മത്തേയും ജീവിതത്തേയുംപറ്റി മെത്രാൻ ജനങ്ങളേയും പട്ടമേല്ക്കുന്നവരേയും പ്രബോധിപ്പിക്കുന്നു. പ്രസംഗം താഴെ കാണുന്ന ആശയങ്ങൾ ഉൾക്കൊള്ളുന്നതായിരിക്കണം

മിശിഹായിൽ പ്രിയപ്പെട്ടവരേ,

നമുക്കേറ്റം പ്രിയപ്പെട്ട ഈ ശമ്മാശന്മാർ വൈദികപദത്തിലേക്കു് ഉയർത്തപ്പെടുവാൻ പോകുകയാണു്. ഇവരുടെ മാതാപിതാക്കളും സഹോദരീസഹോദ

ങ്ങളും ബന്ധുമിത്രാദികളുമായ നിങ്ങളെല്ലാവരും ഈ മഹത്തായ സംഭവത്തിൽ പങ്കെടുക്കാൻ വന്നിരിക്കുന്നു. തിരുസഭ ഇവരെ ഭരമേല്പിക്കുന്ന ഭാരിച്ച കർത്തവ്യങ്ങളെപ്പറ്റി ഈയവസരത്തിൽ ഓർക്കുന്നതു് ഉചിതംമാത്രമാണു്.

ദൈവത്തിന്റെ ജനവും മിശിഹായുടെ മൗതികശരീരവും പരിശുദ്ധാത്മാവിന്റെ ആലയവുമാണു തിരുസഭ. സഭയുടെ അംഗങ്ങളെല്ലാവരും മിശിഹായുടെ പൗരോഹിത്യത്തിൽ പങ്കുകാരാണു്. അതിനാൽ ദൈവത്തിനു പ്രതിഷ്ഠിതരുമാണു്. എല്ലാവരും മിശിഹായെ അനുകരിക്കേണ്ടവരുമാണു്. മാമ്മോദീസായും സ്ഥൈര്യലേപനവുംവഴിയാണതു സാധിക്കുക.

ചില സഭാംഗങ്ങളെ തന്റെ പേർക്കു് പൗരോഹിത്യവൃത്തി അനുഷ്ഠിക്കാനായി, തന്റെ നാമത്തിൽ ഇതരസഹോദരങ്ങളെ വിശുദ്ധീകരിക്കാനായി നമ്മുടെ കർത്താവു തിരഞ്ഞെടുക്കുന്നു. പിതാവു മിശിഹായെ ലോകത്തിലേയ്ക്കയച്ചു. കർത്താവു ശ്ലീഹന്മാരേയും. ഗുരുവും പുരോഹിതനും ഇടയനുമായ മിശിഹാ തന്റെ വിശുദ്ധീകരണകർമ്മം തുടർന്നുകൊണ്ടുപോകുവാൻ ശ്ലീഹന്മാരുടെ പിൻഗാമികളായ മെത്രാന്മാരെ നിയോഗിക്കുന്നു. മിശിഹായുടെ മൗതിക പൗരോഹിത്യത്തിൽ പങ്കെടുത്തുകൊണ്ടു് പുരോഹിതന്മാർ മെത്രാന്മാരെ സഹായിക്കുന്നു. നമ്മുടെ കർത്താവു തന്റെ നാമത്തിൽ വർത്തിക്കേണ്ട വരിൽനിന്നു് എന്താണു പ്രതീക്ഷിക്കുന്നതെന്നു് ഇന്ന

ത്തെ സുവിശേഷത്തിലൂടെ അവിടുന്നുതന്നെ വ്യക്തമാക്കുന്നുണ്ട്.

പുരോഹിതന്റെ ജീവിതാദർശങ്ങളെപ്പറ്റിയും അതുൾക്കൊള്ളുന്ന കർത്തവ്യങ്ങളെപ്പറ്റിയും പലേ വർഷങ്ങളായി ചിന്തിക്കയും പ്രാർത്ഥിക്കയും ചെയ്തിട്ടുള്ളവരാണ് ഈ ശമ്മാശന്മാർ. അവരുടെ പരിശീലനഘട്ടം അതിന്റെ പരിസമാപ്തിയിൽ എത്തിച്ചേരുകയാണിന്ന്. അല്പസമയത്തിനുള്ളിൽ അവർ തിരുപ്പട്ടം സ്വീകരിക്കും. അങ്ങനെ നിത്യപുരോഹിതനായ മിശിഹായോട് ഇവർ സാധർമ്മ്യമുള്ളവരായിത്തീരും. ഇവരോരോരുത്തരും ക്രൂതൽ യോഗ്യതയോടെ ക്രമാശ സ്വീകരിക്കുവാൻ നിങ്ങളെല്ലാവരും പ്രാർത്ഥിക്കുവിൻ. തുടർന്നും നിങ്ങളുടെ പ്രാർത്ഥന ഇവരേയും മറ്റെല്ലാ പുരോഹിതരേയും താങ്ങി നിറുത്തുവാൻ സഹായിക്കണം. ഉടനെ നടത്തുന്ന വിശ്വാസികളുടെ പ്രാർത്ഥനയായ കാറോസൂസായിൽ സജീവമായി പങ്കെടുത്തുകൊണ്ട് തിരുസഭയുടെ നാമത്തിൽ നിങ്ങളും പ്രാർത്ഥിക്കണമെന്ന് പ്രത്യേകം താല്പര്യപ്പെടുന്നു.

പട്ടമേല്ക്കുന്നവരോട്

ഏറ്റവും പ്രിയമക്കളേ, നിങ്ങളും മിശിഹായുടെ പുരോഹിതന്മാരായി പ്രതിഷ്ഠിക്കപ്പെടാൻ പോവുകയാണ്. മിശിഹായിൽ കേന്ദ്രീകരിച്ചാണ് പുരോഹിതന്റെ ജീവിതധർമ്മവും ജീവിതവിശുദ്ധിയും ജീവിത

വിജയവുമെല്ലാം നിലകൊള്ളുന്നതു്. മിശിഹാ പുരോഹിതനിൽ ജീവിച്ചുകൊണ്ടു്, പുരോഹിതൻവഴി പ്രവർത്തിച്ചുകൊണ്ടു തിരുസഭയിലൂടെ തന്റെ രക്ഷാകർമ്മം തുടരുന്നു.

പുരോഹിതൻ ലോകഗുരുവായ മിശിഹായുടെ വക്താവാണു്. ദൈവത്തിന്റെ തിരുവചനം, അവിടുത്തെ സുവിശേഷം നിങ്ങളിൽ വസിക്കണം. ഇതായിരിക്കണം നിങ്ങളുടെ നിരന്തരമായ പഠനത്തിന്റേയും പ്രാർത്ഥനയുടേയും അദ്ധ്യാപനത്തിന്റേയും വിഷയം. ജീവിതത്തിലേയ്ക്കു് അതു പകർത്തിക്കൊണ്ടു് നിങ്ങൾ സുവിശേഷത്തിന്റെ ജീവനുള്ള പകർപ്പുകളാകണം. എങ്കിലേ മിശിഹായെപ്പറ്റിയുള്ള 'വിശിഷ്ടജ്ഞാനം' (വി. പൗലോസ്) നിങ്ങളുടെ സഹോദരങ്ങൾക്കു പകർന്നുകൊടുക്കാനൊക്കൂ. നിങ്ങളുടെ സേവനംവഴി ആധുനികമനുഷ്യന്റെ ഹൃദയത്തിൽ, അത്മായസഹോദരങ്ങളുടെ വിവിധ ജീവിതസ്ഥിതികളിൽ സുവിശേഷദീപ്തി പരക്കാനിടവരണം.

പുരോഹിതൻ ബലിയർപ്പകനായ മിശിഹായുടെ പ്രതിപുരുഷനാണു്. സഭാംഗങ്ങളെല്ലാവരുടേയും ക്രൈസ്തവജീവിതത്തേയും പ്രവർത്തനങ്ങളേയും ബലിപീഠത്തിങ്കൽ സംയോജിപ്പിച്ചു് മിശിഹായുടെ ബലിയോടുകൂടി സമർപ്പിക്കുക—ഇതാണു പുരോഹിതധർമ്മത്തിന്റെ കേന്ദ്രബിന്ദു. ഇവിടെ സന്നിഹിതരായിരിക്കുന്ന ഓരോരുത്തരേയും, ലോകമെങ്ങുമുള്ള സഭാംഗങ്ങളെയെല്ലാവരേ

യും പ്രതിനിധീകരിക്കുവാൻ മിശിഹായുടെ വിശാലമാ
യ ഹൃദയംതന്നെ ആവശ്യമത്രെ. ബലിയർപ്പിക്കുക, ബ
ലിജീവിതം നയിക്കുക—ഇക്കാര്യത്തിൽ പുരോഹിത
ന്റെ മാതൃകയാണു മിശിഹാ. ഓരോ ക്രിസ്ത്യാനിക്കും
പുരോഹിതനിൽ വസിക്കുന്ന മിശിഹായെ എപ്പോഴും
കാണാൻ സാധിക്കണം. പെസഹാരഹസ്യത്തിൽ പ
ങ്കെടുക്കുവാൻ, കുർബാനയെ അനുജീവിക്കുവാൻ ദൈവ
ജനത്തിനു മാതൃകയാകണം. പരികർമ്മംചെയ്യുന്ന ഓ
രോ ക്രമാശയും, അനുഷ്ഠിക്കുന്ന ഓരോ സേവനവും, നൽ
കുന്ന ഓരോ പ്രബോധനവും ഒന്നുകിൽ സഹോദരങ്ങ
ളെ ബലിയർപ്പണത്തിനൊരുക്കുന്നു; അതല്ലെങ്കിൽ ബ
ലിജീവിതം നയിക്കാൻ സഹായിക്കുന്നു.

പുരോഹിതൻ ഇടയനായ മിശിഹായുടെ പ്രതീക
മാണു്. നാമെല്ലാവരും ഒരു കുടുംബമാണു്. മെത്രാനും,
വൈദികരും ജനങ്ങളുമെല്ലാം മിശിഹായുടെ സ്നേഹം ന
മ്മെ പരസ്പരം ബന്ധിച്ചിരിക്കയാണു്. മിശിഹാ പിതാ
വിൽ ഒന്നായിരിക്കുന്നതുപോലെ നാമെല്ലാവരും മിശി
ഹായിൽ ഒന്നായിരിക്കണം. മെത്രാനു വിധേയരായി സ
ഹോദരവൈദികരോടു സഹകരിച്ചു ദൈവജനത്തിനു
നിങ്ങൾ സേവനമനുഷ്ഠിക്കുവിൻ. എല്ലാവരേയും മിശി
ഹായ്ക്കുവേണ്ടി നേടുവാൻ നിങ്ങൾ എല്ലാവരുടേയും ദാ
സരായിരിക്കണം. വിശുദ്ധമായ അധികാരത്തെ വിശു
ദ്ധമായി വേണം കൈകാര്യം ചെയ്യുവാൻ. ആടുകളെ
തീവ്രമായി സ്നേഹിക്കുന്ന, അവയോരോന്നിനേയും വ്യ

ക്തിപരമായി അറിയുന്ന, അവയ്ക്കുവേണ്ടി സ്വമേ
ധയാ ആത്മാർപ്പണം ചെയ്യുന്ന, നല്ല ഇടയനായ ഈ
ശോയായിരിക്കണം നാമെല്ലാവരുടേയും മാതൃക.

പ്രിയ മക്കളെ, മിശിഹായുടെ ദിവ്യഹൃദയത്തിനു്
അനുരൂപരായ വൈദികരായിത്തീരുവിൻ. മിശിഹായു
ടെ പ്രകാശം നിങ്ങളിൽ ദീപ്തി പരത്തട്ടെ. മിശിഹായു
ടെ സ്നേഹം നിങ്ങളെ ഉജ്ജ്വലിപ്പിക്കട്ടെ.

കാറോസൂസ

അത്മികം തലകുനിഞ്ഞു
കൈകൾ കൂപ്പി നില്ക്കുന്നു.

ശ്ലൂ: നമുക്കെല്ലാവർക്കും ഈ സഹോദരന്മാക്കുവേണ്ടി
ഭക്ത്യാദരവോടെ "കർത്താവേ, അങ്ങേ പരിശുദ്ധാ
ത്മാവിനെ അയച്ചു് ഇവരെ വിശുദ്ധീകരിക്കണ
മേ" എന്നു പ്രാർത്ഥിക്കാം.

സ: കർത്താവേ, അങ്ങേ പരിശുദ്ധാത്മാവിനെ അയ
ച്ചു് ഇവരെ വിശുദ്ധീകരിക്കണമേ.

ശ്ലൂ: സ്വയം തൃജിച്ചു് കുരിശുമെടുത്തു് പ്രതിദിനം
അങ്ങയെ അനുഗമിക്കുവാനും എല്ലാറ്റിനുമുപ
രിയായി അങ്ങയെ തീവ്രമായി സ്നേഹിക്കുവാനും.

സ: കർത്താവേ, അങ്ങേ പരിശുദ്ധാത്മാവിനെ അയ
ച്ചു് ഇവരെ വിശുദ്ധീകരിക്കണമേ.

ശ്ര: ബ്രഹ്മചര്യംവഴി സമ്പൂർണ്ണമായി അങ്ങേയ്ക്ക് ആത്മാർപ്പണം ചെയ്യുവാനും ദരിദ്രനായിത്തീർന്ന അങ്ങയെ അനുകരിച്ച് ലളിതജീവിതം നയിക്കുവാനും.

സ: കർത്താവേ, അങ്ങേ പരിശുദ്ധാത്മാവിനെ അയച്ച് ഇവരെ വിശുദ്ധീകരിക്കണമേ.

ശ്ര: പരിശുദ്ധ പിതാവിനും മെത്രാന്മാർക്കും വിധേയരായി സഭാസേവനമനുഷ്ഠിക്കുവാനും ലോകത്തിലെങ്ങും അങ്ങേയ്ക്ക് സാക്ഷ്യംവഹിക്കുവാനും.

സ: കർത്താവേ, അങ്ങേ പരിശുദ്ധാത്മാവിനെ അയച്ച് ഇവരെ വിശുദ്ധീകരിക്കണമേ.

ശ്ര: അങ്ങേ ശിഷ്യരുടെ നിയമമായ സാഹോദര്യം പുലർത്തുവാനും ശാന്തനും വിനീതഹൃദയനുമായ അങ്ങയിൽനിന്നു പഠിക്കുവാനും.

സ: കർത്താവേ, അങ്ങേ പരിശുദ്ധാത്മാവിനെ അയച്ച് ഇവരെ വിശുദ്ധീകരിക്കണമേ.

ശ്ര: നല്ല ഇടയനായ അങ്ങയെപ്പോലെ അജഗണത്തിനുവേണ്ടി സ്വയാർപ്പണം ചെയ്യുവാനും അങ്ങയുടെ ജീവൻ സമൃദ്ധമായി എല്ലാവർക്കും പകർന്നുകൊടുക്കുവാനും.

സ: കർത്താവേ, അങ്ങേ പരിശുദ്ധാത്മാവിനെ അയച്ച് ഇവരെ വിശുദ്ധീകരിക്കണമേ.

ശു: ക്രൂശിതനായ അങ്ങയെ പ്രസംഗിക്കുന്നതിൽ അഭിമാനംകൊള്ളുവാനും ഞങ്ങളുടെ മാതൃരാജ്യത്തിൽ അങ്ങയുടെ സുവിശേഷദീപ്തി പരത്തുവാനും.

സ: കർത്താവേ, അങ്ങേ പരിശുദ്ധാത്മാവിനെ അയച്ച് ഇവരെ വിശുദ്ധീകരിക്കണമേ.

ശു: എല്ലാവരേയും അങ്ങേയ്ക്കായി നേടുവാൻവേണ്ടി എല്ലാവർക്കും എല്ലാമായിത്തീരുവാനും ലോകത്തിലെങ്കിലും ലോകത്തിന്റേതാകാതെ ജീവിതം നയിക്കുവാനും.

സ: കർത്താവേ, അങ്ങേ പരിശുദ്ധാത്മാവിനെ അയച്ച് ഇവരെ വിശുദ്ധീകരിക്കണമേ.

ശു: കാണാതെപോയ ആടുകളെ തേടിപ്പിടിക്കുവാനും അങ്ങേ അജഗണത്തിൽ ഉൾപ്പെടാത്തവയെ ഇടയനായ അങ്ങേ പക്കലേയ്ക്ക് ആനയിക്കുവാനും.

സ: കർത്താവേ, അങ്ങേ പരിശുദ്ധാത്മാവിനെ അയച്ച് ഇവരെ വിശുദ്ധീകരിക്കണമേ.

ശു: ക്ലേശിതർക്കും ദു:ഖിതർക്കും നല്ല സമറിയാക്കാ

രനായിരിക്കുവാനും അവശതയും അനീതിയുമനു ഭവിക്കുന്നവരെ ഉദ്ധരിക്കുവാനും.

സ: കർത്താവേ, അങ്ങേ പരിശുദ്ധാത്മാവിനെ അയച്ചു് ഇവരെ വിശുദ്ധീകരിക്കണമേ.

ശു: അങ്ങേ നാമത്തെപ്രതി സഹിക്കേണ്ടിവരുമ്പോൾ അതിൽ ആനന്ദംകൊള്ളുവാനും ലോകത്തിൽ അങ്ങേയ്ക്കുള്ളവരെ അവസാനംവരെ സ്നേഹിക്കുവാനും.

സ: കർത്താവേ, അങ്ങേ പരിശുദ്ധാത്മാവിനെ അയച്ചു് ഇവരെ വിശുദ്ധീകരിക്കണമേ.

മെത്രാൻ: ഞങ്ങളുടെ കർത്താവേ, ഞങ്ങളുടെ ദൈവമേ, ഈ ശമ്മാശ്ശന്മാർക്കുവേണ്ടി ഞങ്ങൾ സമർപ്പിക്കുന്ന പ്രാർത്ഥന അങ്ങു കൈക്കൊള്ളണമേ. പരിശുദ്ധ കന്യകാമറിയത്തിന്റേയും വിശുദ്ധ യൗസേപ്പിന്റേയും ഞങ്ങളുടെ പിതാവായ വിശുദ്ധ തോമാശ്ലീഹായുടേയും ശ്ലീഹന്മാരുടേയും രക്തസാക്ഷികളുടേയും വേദപാരംഗതരുടേയും മറ്റു വിശുദ്ധരെല്ലാവരുടേയും പ്രാർത്ഥനാസഹായം ഇവർക്കു ലഭിക്കുമാറാകട്ടെ.

സ: ആമ്മേൻ.

7. സഭാസമക്ഷമുള്ള വാഗ്ദാനം

മെത്രാൻ മുടിധരിച്ചു് അംശവടിയും പിടിച്ചു് ഉപവിഷ്ടനാകുന്നു. പുരോഹിതാർത്ഥികൾ അഭ്യർത്ഥിക്കുന്നവരുടെ മുമ്പിൽ മുട്ടുകുത്തി നില്ക്കുന്നു.

മെത്രാൻ: പ്രിയ മക്കളേ, തിരുസഭയിലെ മെത്രാന്മാരുടെ സഹായികളും സഹകാരികളുമെന്ന നിലയിൽ തീക്ഷ്ണതയോടും വിശ്വസ്തതയോടുംകൂടി തിരുസഭയിൽ ദൈവത്തിനു സേവനമനുഷ്ഠിക്കുവാൻ നിങ്ങൾ സന്നദ്ധരാണോ?

അർത്ഥികൾ: ദൈവാനുഗ്രഹത്തോടെ ഞങ്ങൾ സന്നദ്ധരാണു്.

മെത്രാൻ: ലോകഗുരുവായ മിശിഹായുടെ നാമത്തിൽ തിരുസഭയുടെ പ്രതിനിധികളായി ദൈവവചനം ഹൃദിസ്ഥമാക്കി ജീവിക്കുന്നതിനും അതു് വിശ്വസ്തമായി സഹോദരങ്ങൾക്കു പകർന്നുകൊടുക്കുന്നതിനും നിങ്ങൾ സന്നദ്ധരാണോ?

അർത്ഥികൾ: ദൈവാനുഗ്രഹത്തോടെ ഞങ്ങൾ സന്നദ്ധരാണു്.

മെത്രാൻ: നിത്യപുരോഹിതനായ മിശിഹായുടെ പൗരോഹിത്യത്തിൽ പങ്കുചേർന്നുകൊണ്ട് അവിടുത്തെ നാമത്തിൽ സഭാംഗങ്ങളുടെ വിശുദ്ധീകരണവും ദൈവത്തിന്റെ മഹത്വവും മുൻനിറുത്തി വിശ്വസ്തതാപൂർവ്വം ബലിയർപ്പിക്കുന്നതിനും ദിവ്യകാരുണ്യകർമ്മം ചെയ്യുന്നതിനും നിങ്ങൾ സന്നദ്ധരാണോ?

അത്മീകർ: ദൈവാനുഗ്രഹത്തോടെ ഞങ്ങൾ സന്നദ്ധരാണ്.

മെത്രാൻ: ആത്മാക്കളുടെ ഇടയനായ മിശിഹായുടെ അധികാരത്തിൽ മെത്രാനായ്ക്ക് വിധേയരായി പങ്കെടുത്തുകൊണ്ട് സഭയ്ക്കും ലോകത്തിനും സേവനമനുഷ്ഠിക്കുന്നതിനും പ്രാർത്ഥന, പരിത്യാഗം, അദ്ധ്യാനം, ജീവിതമാതൃക എന്നിവവഴി ആത്മാർപ്പണം ചെയ്യുന്നതിനും നിങ്ങൾ സന്നദ്ധരാണോ?

അത്മീകർ: ദൈവാനുഗ്രഹത്താൽ ഞങ്ങൾ സന്നദ്ധരാണ്.

മെത്രാൻ: ദൈവത്തിന് സ്തുതി. കർത്താവു നിങ്ങളിൽ സമാരംഭിച്ചത് അവിടുന്നുതന്നെ എന്റെ കൈവെയ്പുപ്രാർത്ഥനവഴി പരിപൂർണ്ണമാക്കട്ടെ.

മെത്രാൻ അംശവടി തിരികെ കൊടുത്തിട്ട് എഴുന്നേല്ക്കുന്നു. പുരോഹിതാത്മീകരും എഴുന്നേല്ക്കുന്നു.

8. മെത്രാൻ തനിക്കുവേണ്ടിത്തന്നെ പ്രാർത്ഥിക്കുന്നു

മെത്രാൻ: ലോകത്തെ വിശുദ്ധീകരിക്കുന്നതിനായി തന്റെ തിരുക്കുമാരനെ നിയോഗിച്ച പിതാവേ, ഇവരെ അങ്ങേയ്ക്കു പ്രതിഷ്ഠിക്കുവാൻ അടിയങ്ങേ സ്നേഹം എന്നെ പ്രാപ്തനാക്കട്ടെ. സഭാവധുവിനെ കളങ്കമില്ലാത്തവളായി പിതാവിനു സമർപ്പിക്കുവാൻ കുരിശിൽ ബലിയായി സ്വയം സമർപ്പിച്ച നിത്യപുരോഹിതനായ മിശിഹായേ, അങ്ങേ പുരോഹിത്യത്തിൽ ഇവരെ പങ്കുകാരാക്കുവാൻ അങ്ങേ കൃപ എന്നെ ശക്തനാക്കട്ടെ. തന്റെ സാന്നിദ്ധ്യംവഴി സഭാശരീരത്തിനു ദിവ്യചൈതന്യം പകർന്നുകൊണ്ടിരിക്കുന്ന പരിശുദ്ധാത്മാവേ, ഇവരെ ശ്ലൈഹികധർമ്മത്തിൽ പങ്കുചേർക്കുവാൻ അങ്ങേ സംസർഗ്ഗം എന്നെ സഹായിക്കുകയും ചെയ്യട്ടെ. ഇപ്പോഴും ✠ എപ്പോഴും എന്നേയ്ക്കും (തന്റെമേൽത്തന്നെ കുരിശു വരയ്ക്കുന്നു).

സ. ആമ്മേൻ.

9. മെത്രാൻ വൈദികഗണത്തോടുകൂടെ പ്രാർത്ഥിക്കുന്നു

മെത്രാൻ കൈവിടർത്തി പ്രാർത്ഥിക്കുന്നു; മറ്റു വൈദികരും കൈകൾ യാചനാരൂപത്തിൽ അല്പം ഉയർത്തിപ്പിടിക്കുന്നു. അതിനുശേഷം കൈകൾ കൂപ്പി തല കുനിച്ചു നില്ക്കുന്നു.

മെത്രാൻ: കർത്താവായ ദൈവമേ, കാരുണ്യവാനായ പിതാവേ, വിശുദ്ധ സഭയുടെ അംഗങ്ങൾക്ക് അങ്ങേ ദിവ്യദാനങ്ങൾ പകർന്നുകൊടുക്കുന്ന മദ്ധ്യസ്ഥനായി എളിയവനായ എന്നെ അങ്ങ് തിരഞ്ഞെടുത്തുവല്ലോ. ക്രൈസ്തികപാരമ്പര്യമനുസരിച്ച് പൗരോഹിത്യത്തിന്റെ നിറവ് എനിക്കും സഭയിലെ മെത്രാന്മാർക്കും കൈവയ്പുവഴി ലഭിക്കുവാൻ അങ്ങു തിരുമനസ്സായി. ഈ സഹോദര വൈദികർക്കെന്നപോലെ ഇവർക്കും അങ്ങേ വചനം പ്രസംഗിക്കുന്നതിനും വിശുദ്ധകൂദാശകൾ പരികർമ്മം ചെയ്യുന്നതിനുമുള്ള ആത്മീയവരങ്ങൾ ഈ ശുശ്രൂഷവഴി അങ്ങു നൽകണമേ.

പിതാവായ അങ്ങയിൽനിന്ന് ഞങ്ങളുടെ കർത്താവീശോമിശിഹാ സ്വീകരിച്ച വിശുദ്ധ

ഭൗതൃത്തിലും ദിവ്യധർമ്മത്തിലും അങ്ങേ ഞങ്ങളെ പങ്കുകാരാക്കിത്തീർത്തിരിക്കുന്നു. ഈ ദിവ്യാനുഗ്രഹത്തിനായിത്തന്നെ ഇവരെയും ഇതാ ഞങ്ങൾ അങ്ങേക്കു ഭരമേല്പിക്കുകയും പ്രതിഷ്ഠിക്കുകയും ചെയ്യുന്നു. ഞങ്ങൾ ഒത്തൊരുമിച്ച് ഈ സഹോദരന്മാർക്കുവേണ്ടി ഇപ്പോൾ അങ്ങയോടു പ്രാർത്ഥിക്കുന്നു. പരിശുദ്ധാത്മാവിന്റെ കൃപാതിരേകം ഇവരിലുണ്ടായി അങ്ങേ മഹാദാനമായ പുരോഹിതവൃത്തിക്കു് ഇവർ പ്രാപ്തരായിത്തീരട്ടെ. ഞങ്ങളുടെ കർത്താവായ ഈശോമിശിഹായുടെ മദ്ധ്യസ്ഥവും പ്രസാദവരവും മുഖേന ഈ അനുഗ്രഹത്തിനായി ഞങ്ങൾ പ്രാർത്ഥിക്കുന്നു. ഞങ്ങളെല്ലാവരും ഒരുമിച്ച് അങ്ങേയ്ക്കും അങ്ങേ തിരുക്കുമാരനും പരിശുദ്ധാത്മാവിനും സ്തുതിയും ബഹുമാനവും കൃതജ്ഞതയും ആരാധനയും സമർപ്പിക്കുന്നു. ഇപ്പോഴും ✠ എപ്പോഴും എന്നേയ്ക്കും.

മെത്രാനും വൈദികരും അത്മികളെ ആശീർവ്വദിക്കുന്നു. അത്മികളും കുരിശു വരയ്ക്കുന്നു.

സ: ആമ്മേൻ.

10 കൈവയ്പുപ്രാർത്ഥന

ന്യായവൈദികൻ: സഹോദരരേ, അഭിവന്ദ്യപിതാവിന്റെ കൈവയ്പുപ്രാർത്ഥനവഴി ഇവർ ദൈവത്തിന്റെ സഭയിലെ പുരോഹിതന്മാരായിത്തീരുവാൻ പോകുന്നു. ഈ സമയത്തു് ഇവക്കുവേണ്ടി എല്ലാ അനുഗ്രഹങ്ങളുടേയും ഉറവിടമായ ദൈവത്തോടു തീക്ഷ്ണതാപൂർവ്വം നമുക്കു പ്രാർത്ഥിക്കാം.

അല്പസമയം എല്ലാവരും മൗനമായി പ്രാർത്ഥിക്കുന്നു. അർത്ഥികൾ മുട്ടുകുത്തി ശിരസ്സു നമിക്കുന്നു. ഇരുകരങ്ങളും അർത്ഥികളുടെമേൽ ഉയർത്തിപ്പിടിച്ചു് മെത്രാൻ ചൊല്ലുന്നു.

മെത്രാൻ: കർത്താവേ, ബലവാനായ ദൈവമേ, അങ്ങു സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ള സകലത്തിന്റേയും സൃഷ്ടാവാകുന്നു. സർവ്വശക്തനായ അങ്ങു് ഞങ്ങളുടെ കർത്താവും രക്ഷകനുമായ ഈശോമിശിഹാവഴി വിശുദ്ധസഭയെ അനന്തസ്നേഹത്തോടെ തിരഞ്ഞെടുത്തു പരിപാലിച്ചുവരികയും ചെയ്യുന്നു. അങ്ങേയ്ക്കു വിശുദ്ധശുശ്രൂഷ ചെയ്യുന്നതിനും അങ്ങേ ജനത്തെ ക്രിസ്തീയപൂർണ്ണതയിലേയ്ക്കാനയിക്കുന്നതിനും സഭാഗാത്രത്തെ പരിപുഷ്ടമാക്കുന്നതിനും

വേണ്ടി ശ്ലീഹന്മാരേയും അവരുടെ പിൻഗാമികളേയും പുരോഹിതന്മാരേയും അങ്ങതന്നെ പരിശുദ്ധാത്മാവുവഴി സഭയ്ക്കു നൽകുകയും ചെയ്തിരിക്കുന്നു.

അൾത്താരയ്ക്കു ഓരോരുത്തരായി മെത്രാന്റെ മുമ്പിൽവന്നു മുട്ടുകുത്തുന്നു. ഇരുകൈകളും ശിരസ്സിൽ വെച്ചുകൊണ്ടു മെത്രാൻ തുടരുന്നു:

കർത്താവേ, ബലവാനായ ദൈവമേ, ഞങ്ങളുടെ കർത്താവീശോമിശിഹായുടെ പിതാവേ, എന്റെ കൈവയ്പുവഴി പുരോഹിതപദത്തിലേയ്ക്കുയർത്തപ്പെടുന്ന ഈ ദാസനിൽ അങ്ങു പ്രസാദിക്കണമേ. അങ്ങേ പരിശുദ്ധാത്മാവിനെ അയച്ചു് ദിവ്യപ്രസാദംകൊണ്ടു ഞങ്ങളുടെ ഈ സഹോദരനെ നിറയ്ക്കുകയും വിശുദ്ധമായ പുരോഹിതപദവിയിലേയ്ക്കു സ്വീകരിക്കുകയും ചെയ്യണമേ.

ഇരുകരങ്ങളും എല്ലാവരുടേയും മേൽ ഉയർത്തിപ്പിടിച്ചു്

അങ്ങേ പരിശുദ്ധാത്മാവു നൽകുന്ന ഈ ദിവ്യദാനത്തിന്റെ ഫലമായി അങ്ങേ തിരുക്കുമാരന്റെ സുവിശേഷസന്ദേശത്തിനു് എപ്പോഴും എവിടെയും സാക്ഷ്യം വഹിക്കുന്നതിനുള്ള അനുഗ്രഹം ഇവർക്കു നല്കണമേ. നിർമ്മലഹൃദയത്തോടും വിശുദ്ധ മനസ്സാക്ഷിയോടുംകൂടെ അങ്ങേ ബലിപീഠത്തിങ്കൽ ഇവർ പുരോഹിതശുശ്രൂഷ ചെയ്യട്ടെ. ഞങ്ങളുടെ ശിരസ്സായ മിശിഹാ സമർ

പ്പിച്ച സ്തുതിയുടേയും കൃതജ്ഞതയുടേയും ദിവ്യബലി തിരുസഭയ്ക്കുവേണ്ടി അർപ്പിക്കുവാനും ഇവരെ പ്രാപ്തരാക്കണമേ. മാമ്മോദീസായുടെ പരികർമ്മംവഴി ദിവ്യജീവൻ പകർന്നുകൊണ്ട് ഇവർ സഭാമാതാവിനു് നവജാതരെ പ്രദാനം ചെയ്യുകയും അവയ്ക്കു സ്ഥൈര്യലേപനം നൽകി മിശിഹായുടെ ജീവൽസാക്ഷികളാക്കുകയും ചെയ്യുവാൻ ഇവർക്കു് അനുഗ്രഹം നൽകണമേ. സഭയുടെ നാമത്തിൽ ഇവർ ആശീർവ്വദിക്കുന്ന ദമ്പതിമാരെ അങ്ങേ ദിവ്യാനുഗ്രഹങ്ങൾകൊണ്ടു സംപൂരിതരാക്കണമേ. അങ്ങേ അധികാരമുപയോഗിച്ചു് പാപമോചനം നൽകി അങ്ങയുടെ ജനത്തെ ഇവർ വിശുദ്ധീകരിക്കട്ടെ. ഇവർ നൽകുന്ന വിശുദ്ധലേപനംവഴി രോഗികൾക്കു് ആത്മികവും ശാരീരികവുമായ ആരോഗ്യം ലഭിക്കുമാറാകട്ടെ. സഭയ്ക്കും ലോകത്തിനുംവേണ്ടി ഇവർ സമർപ്പിക്കുന്ന പ്രാർത്ഥനകളും യാചനകളും അങ്ങേക്കു പ്രീയംകരമായി ഭവിക്കട്ടെ. ഞങ്ങളോടൊത്തു് ആത്മീയ ഇടയന്മാരുടെ ധർമ്മം നിർവ്വഹിച്ചുകൊണ്ടു് സഭാംഗങ്ങളെ ക്രിസ്തീയ വിശുദ്ധിയിലേക്കും ധർമ്മാനുഷ്ഠാനത്തിലേക്കും നയിക്കുവാനും ഇവരെ സഹായിക്കണമേ.

ഇങ്ങനെ ജീവതകാലം മുഴുവൻ വിശുദ്ധ കത്തോലിക്കസഭയിൽ തീക്ഷ്ണതയോടും വിശ്വസ്തതയോടും കൂടെ ഞങ്ങളുടെ സഹപ്രവർത്തരായി സേവനമനുഷ്ഠിച്ചുകൊണ്ടു് അങ്ങേ തിരുനാമത്തെ എപ്പോഴും മഹത്വപ്പെടുത്തുവാനുള്ള അനുഗ്രഹവും ഇവർക്കു നല്കണമേ. ഈ

ലോകത്തിൽ അങ്ങേയ്ക്ക് ഇവർ അർപ്പിക്കുന്ന ശുശ്രൂഷ
യ്ക്കു പ്രതിഫലമായി പരലോകത്തിൽ അങ്ങേ അജഗ
ണത്തോടുകൂടി അങ്ങയുടെ സൗഭാഗ്യത്തിൽ ഇവർ ആ
നന്ദിക്കുകയും അങ്ങയുടെ പ്രകാശദീപ്തിയാൽ പ്രശോഭി
തരാകുകയും ചെയ്യുമാറാകട്ടെ. ഈ ദിവ്യാനുഗ്രഹങ്ങളെ
ല്ലാം ഈശോമിശിഹായുടെ പ്രസാദവരംവഴി ഇവർക്കു
നൽകണമേ. തന്റെ പ്രത്യാഗമനദിവസത്തിൽ മി
ശിഹാകർത്താവു് വധുവായ സഭയെ നൈർമ്മല്യവും
വിശുദ്ധിയും യോഗ്യതയും മഹത്വവും നിറഞ്ഞവളായി
അങ്ങേയ്ക്കു പ്രതിഷ്ഠിക്കുമ്പോൾ ഞങ്ങളെല്ലാവരും ഒരുമി
ച്ചു് അങ്ങേയ്ക്കും അങ്ങേ തിരുക്കുമാരനും പരിശുദ്ധാത്മാ
വിനും സ്തുതിയും ബഹുമാനവും കൃതജ്ഞതയും ആരാ
ധനയും സമർപ്പിക്കുമാറാകട്ടെ. ഇപ്പോഴും ✠ എപ്പോഴും
എന്നേയ്ക്കും.

നവവൈദികരുടെമേൽ കുരിശു
ടയാളം വരയ്ക്കുന്നു. അവർ കുരിശു
വരയ്ക്കുന്നു.

സ: ആമ്മേൻ.

11. തിരുവസ്ത്രം ധരിപ്പിക്കുന്നു

നവവൈദികർ എഴുന്നേറ്റു തി
രുവസ്ത്രം ഇരു കൈകളിലും എടു
ത്തു പിടിക്കുന്നു.

മെത്രാൻ: പുരോഹിതന്മാരായി തീർന്നിരിക്കുന്ന നി

ങ്ങൾ ബലിയർപ്പകനും ബലിവസ്തുവുമായ മിശി
ഹായെ ധരിക്കുവിൻ. അവിടുന്നു നമ്മെ സ്നേഹിച്ചു്
നമുക്കുവേണ്ടി ആത്മാർപ്പണം ചെയ്തു. അതുപോ
ലെ ദൈവത്തിനു് ഏറ്റവും പ്രിയംകരമായ ബലി
യായിത്തീർന്നു് നിങ്ങളും ബലിയർപ്പിക്കുവിൻ. അ
ങ്ങനെ സ്നേഹത്തിൽ എന്നെന്നും വ്യാപരിക്കുകയും
ചെയ്യുവിൻ (ഗലാ. 3: 27; എഫേ. 5. 2–3).

തിരുവസ്ത്രം ധരിക്കുവാൻ മറ്റു
വൈദികർ സഹായിക്കുന്നു.

12 കുർബാനചെയ്യുന്നു.

മെത്രാൻ ഇരിക്കുന്നു. നവവൈദികർ
ഓരോരുത്തരായി മെത്രാന്റെ മുമ്പിൽ
മുട്ടുകുത്തുന്നു.

മെത്രാൻ: മിശിഹായുടെ പുരോഹിതൻ പരിശുദ്ധാ
ത്മാവിന്റെ അഭിഷേചനംവഴി സഭാസേവനത്തി
നായി നിയോഗിക്കപ്പെട്ടുകയും പ്രതിഷ്ഠിക്കപ്പെട്ട
കയും വിശുദ്ധീകരിക്കപ്പെട്ടുകയും ചെയ്തിരിക്കുന്നു.
പിതാവിന്റേയും ✠ പുത്രന്റേയും ✠ പരിശു
ദ്ധാത്മാവിന്റേയും ✠ നാമത്തിൽ

നെറ്റിയിലും കൈപ്പത്തികളിലും മു
റോൻകൊണ്ടു കുരിശടയാളം വരയ്ക്കു
ന്നു. അതുകഴിഞ്ഞു് ഓരോരുത്തരും
സ്വസ്ഥാനങ്ങളിൽ വന്നു നില്ക്കുന്നു.

ഈ അവസരത്തിൽ ആദ്യത്തെ
രുശ്മായ്ക്കുശേഷം താഴെ കൊടുത്തി
രിക്കുന്ന ഗാനം ആലപിക്കാവു
ന്നതാണ്.

സമൂഹം: നിത്യപുരോഹിതനാം
രക്ഷകൻ മിശിഹായേ,
നിൻവഴി തേടുന്നോരിൽ
ശക്തി നീയരുളണേ.

നിൻ തിരുസന്നിധിയിൽ
യാചനാ പാത്രവുമായ്
നില്ക്കുമീ ദാസരിൽ നിൻ
ദാനങ്ങളം പകരണേ.

ത്യാഗത്തിൻ പാടയാലെ
യാഗത്തിൻ വേദിയേറും
നിൻനാമ പാലകരെ
കാക്കേണമലിവോടെ

കാൽവരിയാഗാർച്ചനം
ചെയ്യുവാനിവരങ്ങേ
അകംത്താരമുന്നിൽ-വരം
കാത്തുനില്പാശയോടെ.

കർമ്മത്തിൻ വീണയുമായ്
നിർമ്മലമാനസരായ്
മത്സ്യസേവനം ചെയ്യാൻ
സൗഭഗം നൽകീടണം.

സ്നേഹത്തിൻ ജീവിതമായ്
ലോകത്തിൻ ദീപവുമായ്
നിത്യം വിളങ്ങിടുവാൻ
പാലനം ചെയ്തിടണേ.

13. സുവിശേഷം നല്കുന്നു.

മെത്രാൻ: (വി. ഗ്രന്ഥം കൈയിൽപിടിച്ചുകൊണ്ട്)
വഴിയും ~~മാർഗ്ഗവും~~ സത്യവും ജീവനുമായ നമ്മുടെ കർത്താവീശോമിശിഹായുടെ വിശുദ്ധ സുവിശേഷം സ്വീകരിക്കുവിൻ. സുവിശേഷത്തിലെ ഈശോ നിങ്ങളുടെ ശക്തികേന്ദ്രവും ഈശോയുടെ സുവിശേഷം നിങ്ങളുടെ ജീവിതനിയമവുമായിരിക്കട്ടെ.

തുടർന്ന് ഓരോരുത്തർക്കും വി. ഗ്രന്ഥം നല്കുന്നു. ഈ സമയത്ത് 42-ാം പേജിൽ കൊടുത്തിരിക്കുന്ന ഗാനം തുടരാവുന്നതാണ്.

14. സമൂഹബലിയാരംഭിക്കുന്നു

മെത്രാൻ: പ്രിയപ്പെട്ട സഹോദരവൈദികരേ, മിശിഹായുടെ ഏക പൗരോഹിത്യത്തിൽ സംയോജിതരായിരിക്കുന്ന നമുക്കൊരുമിച്ചു തിരുസഭയുടെ ഏക ബലി ദൈവജനത്തിനുവേണ്ടി അർപ്പിച്ചുകൊണ്ടു ദൈവപിതാവിനു സ്തോത്രം ചെയ്യാം.

തുടർന്നു വിശ്വാസപ്രമാണം

ആരംഭിക്കുന്നു. വൈദികരും ജനങ്ങളും തുടർന്നു ചൊല്ലുന്നു. എല്ലാവരും ഒരുമിച്ചു് ബലിപീഠം ഒരു സ്ഥലത്തുമാത്രം ചുംബിക്കുന്നു. വൈദികർ കൂടുതലുണ്ടെങ്കിൽ ഏതാനുംപേരായി വന്നു് പീഠത്തിനു നടുവിൽ ചുംബിച്ചു യഥാസ്ഥാനങ്ങളിൽ ചെന്നു നില്ക്കുന്നു.

15 അവസാന ആശീർവ്വാദം

ഉപകാരസ്മരണയുടെ രണ്ടു പ്രാത്ഥനകളും രണ്ടു സഹ കാർമ്മികർ ചൊല്ലുന്നു. അവസാന ആശീർവ്വാദം മെത്രാൻ നല്കുന്നു.

മെ: വിശ്വാസഭയെ ആത്മീയവരങ്ങൾകൊണ്ടു് അനുഗ്രഹിച്ച ദൈവം വാഴ്ത്തപ്പെട്ടവനാകുന്നു. ദൈവപിതാവിന്റെ സ്നേഹം നവവൈദികരായ നിങ്ങളെ എന്നും കാത്തുപരിപാലിക്കട്ടെ. മിശിഹായുടെ സമാധാനം നിങ്ങളിൽ എന്നും വസിക്കുമാറാകട്ടെ. പരിശുദ്ധാത്മാവിന്റെ ദിവ്യവരം നിങ്ങളെ വിശ്വാസിയിലേയ്ക്കു നയിക്കുകയും ചെയ്യട്ടെ.

തിരുസഭയ്ക്കു നവവൈദികരെ കാഴ്ചവച്ച കുടുംബങ്ങളേയും ദൈവം ധാരാളമായി അനുഗ്രഹി

ക്കട്ടെ. ഇവരുടെ മാതാപിതാക്കന്മാരിൽ കത്താ
ന്റെ ശാന്തിയും സ്നേഹവും എപ്പോഴും കൂടികൊ
ള്ളട്ടെ. ഇവരുടെ കുടുംബാംഗങ്ങളേയും സ്നേഹിത
രേയും ഉപകാരികളേയും അനുഗ്രഹങ്ങളുടെ പി
താവു് ധന്യരാക്കിത്തീർക്കട്ടെ. കർത്താവിൽ നി
ദ്രപ്രാപിച്ച കുടുംബാംഗങ്ങൾക്കും അവിടുന്നു നി
ത്യവിശ്രാന്തിയരുളട്ടെ.

ഈ തിരുക്കർമ്മത്തിൽ സംബന്ധിക്കുകയും ദി
വ്യബലിയിൽ പങ്കെടുക്കുകയുംചെയ്ത നാമെല്ലാവ
രിലും ദൈവാനുഗ്രഹമുണ്ടാകട്ടെ. മിശിഹായുടെ
പ്രത്യാഗമനത്തിൽ അവിടത്തെ ഒന്നുചേർന്നു്
എതിരേല്ക്കുന്നതിനും അവിടത്തെ രാജ്യത്തിൽ
പിതാവിനൊ നിരന്തരം സ്തുതിക്കുന്നതിനും നമുക്കി
ടയാകയും ചെയ്യട്ടെ. ഇപ്പോഴും ✠ എപ്പോഴും എ
ന്നേയ്ക്കും.

സ. ആമ്മേൻ.

കുർബാനയ്ക്കുശേഷം മെത്രാൻ തള
ത്തിൽ നില്ക്കുമ്പോൾ നവവൈദികർ
ഓരോരുത്തരായി സമീപിച്ചു് അദ്ദേ
ഹത്തിന്റെ മോതിരം ചുംബിച്ചു നന്ദി പറയുന്നു. അദ്ദേഹം ഓരോരുത്ത
രുടേയും കൈകൾ സ്വന്തം കരങ്ങളി
ലാക്കി "കർത്താവു് അനുഗ്രഹിക്കട്ടെ"
"സഭയ്ക്കുവേണ്ടി ജീവിക്കുക" പോലു
ള്ള ആശംസകൾ നേരുന്നു.

നവവൈദികർ മദ്ബഹായി
ലോ സൗകര്യമുള്ള മറ്റുസ്ഥലത്തോ വ
ന്നു നില്ക്കുമ്പോൾ മറ്റു വൈദി
കരും അഭിവാദ്യമർപ്പിക്കുന്നു. നവ
വൈദികന്റെ കൂപ്പിയകരങ്ങൾ സ്വ
ന്തം കൈപ്പത്തികളിലാക്കിയാണ്
ഈ സമാധാനാശംസ നല്കുന്നത്.
കൈമുത്തൽ പതിവുപോലെ തുടരാവു
ന്നതാണ്. തുടർന്നു ജനങ്ങളും നവ
വൈദികരുടെ കരങ്ങൾ ചുംബിക്കു
ന്നു. ഈ സമയത്തു താഴെ കൊടുക്കു
ന്ന ഗാനമോ മറ്റു ഗാനങ്ങളോ ആല
പിക്കാവുന്നതാണ്.

സ്നേഹത്തിൻ താരൊളി തൂവിട്ടും
പാരിൽ പ്രശാന്തിയണച്ചീട്ടും
ദിവ്യാമൃതം നരനേകിട്ടും
ദിവ്യനെ കൈവണങ്ങീടുന്നു.

ലോകൈകനായകനേശുവിൻ
പാദങ്ങൾ പിൻതുടർന്നീടുവാൻ
പാപിയെത്തേടിയിറങ്ങീട്ടും
കാൽവരിയല്ലോ നിൻമുന്നിലായ്.

അൾത്താരമേലെന്നും നാഥനോ
ടൊത്തു നീയർപ്പണം ചെയ്തിട്ടും
പാവനമാം തവസാന്നിദ്ധ്യം
പാപികൾ ഞങ്ങൾക്കൊരാശ്രയം.

മാലാഖമാർക്കെഴാത്തുള്ളൊരാ
പാവനജീവിതമാഗ്രഹമേ!
മാനവർക്കാത്മപ്രകാശമേ!
മാനസേയാദരിച്ചീടുന്നു.

നിർമ്മലമാം കരതാരുകൾ
സ്വർഗ്ഗീയ ദാന പ്രദാനങ്ങൾ
ആശയോടെത്തുന്ന ഞങ്ങളെ
ആശീർവ്വദിക്കേണമേ, താതനേ,

അനുബന്ധം

ഓനീസാദ്യാരെ.

കാമ്മികന്മാർ: ജനങ്ങളുടെ മദ്ധ്യേ ഞങ്ങൾ അങ്ങയെ സ്തുതിക്കും.

സമൂഹം: ദൈവജനത്തിനുവേണ്ടി ബലിയർപ്പിക്കുവാൻ കർത്താവ് പുരോഹിതന്മാരെ നിയോഗിച്ചിരിക്കുന്നു. നമ്മുടെ കാഴ്ചദ്രവ്യങ്ങൾ നമുക്കവരെ ഭരമേല്പിക്കാം. നമുക്കു തിരുസഭ മുഴുവനോടുംകൂടെ സംയോജിക്കാം. പുരോഹിതന്മാർവഴി നമുക്ക് ഈ ബലിയിൽ പങ്കെടുക്കുകയുംചെയ്യാം.

ഓനീസാദ്യേം.

സമൂഹം: കർത്താവേ, തിരുസഭ അവിടുത്തേയ്ക്കു കൃതജ്ഞതാപൂർവ്വം സ്തോത്രം സമർപ്പിക്കുന്നു. അങ്ങയുടെ ജനത്തിനു് അങ്ങ് നവവൈദികരെ പ്രദാനം ചെയ്തു. അവർ ഇടയനോടുകൂടെ ഞങ്ങൾക്കുവേണ്ടി ബലി സമർപ്പിച്ചിരിക്കുന്നു. അവരുടെ കരങ്ങളിൽ നിന്നു് അങ്ങേ തിരുക്കുമാരന്റെ ശരീരരക്തങ്ങൾ സ്വീകരിക്കുവാൻ ഞങ്ങൾ അണയുന്നു.

ദ്വാത്തേ.

ശ്ലൂ: നമ്മെ എല്ലാവരേയും ഏകസഭാശരീരമാക്കിത്തീർക്കുന്ന ആത്മീയഭക്ഷണം സ്വീകരിക്കുവാൻ സഭ നമ്മെ ക്ഷണിക്കുന്നു.

വിശ്വാസപ്രഖ്യാപനം

കൂർബാനപ്പട്ടം സ്വീകരിക്കുന്നതിനു് മുമ്പു് സൗകര്യമായി അധികാരിയുടെ മുമ്പാകെ ഈ വിശ്വാസപ്രഖ്യാപനം നടത്തിയിരിക്കണം

ഞാൻ (പേരു്) വിശ്വാസപ്രമാണം ഉൾക്കൊള്ളുന്ന എല്ലാ സത്യങ്ങളേയും ദൃഢമായി വിശ്വസിക്കുകയും പരസ്യമായി പ്രഖ്യാപിക്കുകയും ചെയ്യുന്നു.

സർവ്വശക്തനായ ഏകദൈവത്തിൽ ഞങ്ങൾ വിശ്വസിക്കുന്നു. ദൃശ്യവും അദൃശ്യവുമായ സകലത്തിന്റേയും സ്രഷ്ടാവായ പിതാവിൽ ഞങ്ങൾ വിശ്വസിക്കുന്നു. ദൈവത്തിന്റെ ഏകപുത്രനും സകല സൃഷ്ടികൾക്കും മുമ്പുള്ള ആദ്യജാതനും യുഗങ്ങൾക്കെല്ലാംമുമ്പു് പിതാവിൽനിന്നു ജനിച്ചവനും എന്നാൽ സൃഷ്ടിക്കപ്പെടാത്തവനും ഏക കർത്താവുമായ ഈശോമിശിഹായിൽ ഞങ്ങൾ വിശ്വസിക്കുന്നു. അവിടുന്നു സത്യദൈവത്തിൽനിന്നുള്ള സത്യദൈവവും പിതാവിനോടുകൂടെ ഏക സത്തയുമാകുന്നു. അവിടുന്നുവഴി പ്രപഞ്ചം സംവിധാനം ചെയ്യപ്പെടുകയും എല്ലാം സൃഷ്ടിക്കപ്പെടുകയും ചെയ്തു. മനുഷ്യരായ നമുക്കും നമ്മുടെ രക്ഷയ്ക്കുംവേണ്ടി അവിടുന്നു സ്വർഗ്ഗത്തിൽ നിന്നിറങ്ങി പരിശുദ്ധാത്മാവിനാൽ കന്യകാമറിയത്തിൽനിന്നു ശരീരം സ്വീകരിച്ചു് മനുഷ്യനായിപ്പിറന്നു. പന്തിയോസ് പീലാത്തോസിന്റെ കാലത്തു് പീഡകൾ സഹിക്കുകയും സ്ലീ

വായിൽ തറയ്ക്കപ്പെട്ടു മരിയ്ക്കുകയും, സംസ്കരിക്കപ്പെടുകയും, എഴുതപ്പെട്ടിരുന്നതുപോലെ മൂന്നാം ദിവസം ഉയിർത്തെഴുന്നേല്ക്കുകയും ചെയ്തു. അവിടുന്നു് സ്വർഗ്ഗാരോഹണം ചെയ്തു് എഴുന്നള്ളി പിതാവിന്റെ വലത്തുഭാഗത്തിരിക്കുന്നു. മരിച്ചവരേയും ജീവിക്കുന്നവരേയും വിധിക്കുവാൻ അവിടുന്നു വീണ്ടും വരുവാനിരിക്കുന്നു. പിതാവിൽനിന്നും പുത്രനിൽനിന്നുംപുറപ്പെടുന്ന സത്യാത്മാവും ജീവദാതാവുമായ ഏക പരിശുദ്ധാത്മാവിലും ഞങ്ങൾ വിശ്വസിക്കുന്നു. പരിശുദ്ധവും ശ്ലൈഹികവും സാർവ്വത്രികവുമായ സഭയിലും ഞങ്ങൾ വിശ്വസിക്കുന്നു. പാപമോചനത്തിനായുള്ള ഏക മാമ്മോദീസായിലും ശരീരത്തിന്റെ ഉയിർപ്പിലും നിത്യായുസ്സിലും ഞങ്ങൾ വിശ്വസിക്കുന്നു. ആമ്മേൻ.

വിശ്വാസവും സന്മാർഗ്ഗവും സംബന്ധിച്ചു് തിരുസഭ പരമാധികാരമോ സാധാരണ അധികാരമോ ഉപയോഗിച്ചു് പഠിപ്പിക്കുകയോ പ്രഖ്യാപിക്കുകയോ ചെയ്തിട്ടുള്ളവയെല്ലാം—പൊതുവായും ഓരോന്നു പ്രത്യേകമായും—സഭ പഠിപ്പിക്കുന്ന രീതിയിൽ ഞാൻ ദൃഢമായി സ്വീകരിച്ചു് ആശ്ലേഷിക്കുന്നു. പ്രത്യേകമായി തിരുസഭാരഹസ്യം, ക്രമാശകം, ദിവ്യബലി, മാർപ്പാപ്പായുടെ പരമാധികാരം എന്നിവയിലുമുള്ള എന്റെ ദൃഢമായ വിശ്വാസത്തേയും ഞാൻ പ്രഖ്യാപനം ചെയ്യുന്നു.

ഈ പുസ്തകത്തെപ്പറ്റി

ലിറ്റർജിക്കമ്മറ്റി ശുപാർശചെയ്തതനുസരിച്ചു തയ്യാറാക്കിയതാണ് ഈ പുതിയ ക്രമം. വത്തിക്കാൻ കൗൺസിൽ ലിറ്റർജിയേയും പൗരസ്ത്യറീത്തുകളേയുംപറ്റി നല്കിയിരിക്കുന്ന നിർദ്ദേശങ്ങളുടെ വെളിച്ചത്തിലാണ് മാറ്റങ്ങളധികവും വരുത്തിയിട്ടുള്ളതു്. ചിലതു താഴെ ചേർക്കുന്നു.

1 കുർബാനപ്പട്ടത്തിന്റെ ക്രമം ദിവ്യബലിയോടു സംയോജിപ്പിച്ചിരിക്കുന്നു.

2 വിശുദ്ധഗ്രന്ഥപാരായണത്തിനു കൂടുതൽ പ്രാധാന്യം നല്കി പ്രസക്തമായ നാലു വായനകൾ ചേർത്തിരിക്കുന്നു.

3 ഓരോ വായനയുടേയും ശേഷമുള്ള പ്രാർത്ഥനകൾ, ദൈവവചനമുൾക്കൊള്ളുന്ന അനുഗ്രഹങ്ങൾ പട്ടം സ്വീകരിക്കുന്നവർക്കു ലഭിക്കാൻ വേണ്ടിയുള്ളവയാണ്.

4 വൈദികരാണ് ഈ പ്രാർത്ഥനകൾ ചൊല്ലുന്നതു്. ശുപതയിലെ വൈദികരുടെ സംഘടനാസ്വഭാവം ഇതുവഴി കൂടുതൽ സ്പഷ്ടമാകുന്നു.

5 തിരുക്കർമ്മത്തിന്റെ ആരംഭത്തിലുള്ള അഭ്യർത്ഥനകൾ കുമ്പസാരങ്ങളുടെ ആരംഭത്തിലും സ്വീകരിച്ചുകഴിഞ്ഞിട്ടുള്ളതാണ്. ഇതിന്റെ മനശ്ശാസ്ത്രപരമായ മൂല്യം സ്പഷ്ടമാണല്ലോ.

6 ഇടയ്ക്കു ചേർത്തിട്ടുള്ള വാഗ്ദാനം പുരോഹിതന്റെ ത്രിവിധ ധർമ്മങ്ങളെ അനുസ്മരിപ്പിക്കുന്നു. വത്തിക്കാൻ കൗൺസിലിന്റെ ചിന്താഗതിക്കു് ഇതു് തികച്ചും അനുരൂപമാണു്.

7 കൈവയ്പുപ്രാർത്ഥന അനുഷ്ഠാനപരമായും ആശയ പരമായും വർത്തിക്കാൻ കൗൺസിലിന്റെ സ്പഷ്ടമായ നിർദ്ദേശങ്ങൾക്കനുസൃതമായി സമ്പുഷ്ടമാക്കിയിരിക്കുന്നു.

8 കൈവയ്പുപ്രാർത്ഥന കഴിഞ്ഞുള്ള ചടങ്ങുകൾക്കു കൂടുതൽ പ്രസക്തവും വി. ഗ്രന്ഥനിഷ്ഠവുമായ വാക്യങ്ങളാണു് ഉപയോഗിച്ചിരിക്കുന്നതു്.

മഹാകവി പ്രവിത്താനം ശ്രീ പി. എം. ദേവസ്യാ പല്ലുരൂപം കൊടുത്ത സങ്കീർത്തനങ്ങളാണു് ഇതിൽ ചേർത്തിട്ടുള്ളതു് (പ്രസ്തുത പദ്യഗ്രന്ഥം ലിറർജിക്കൽ കമ്മറ്റി പ്രസാധനം ചെയ്തിട്ടുള്ളതാണു്.) സങ്കീർത്തനങ്ങൾ പാടുവാൻ ഭാരതീയ കീർത്തനരീതിയാണു് സ്വീകരിച്ചിരിക്കുന്നതു്.

തിരുപ്പട്ടം നല്കുന്നതിനുള്ള ഈ ക്രമം ഇനിയും പൂർണ്ണമാക്കേണ്ടതുണ്ടു്. പട്ടം നല്കുന്ന പിതാക്കന്മാരുടെ അനുഭവജ്ഞാനമാണു് ഇതിനു മാർഗ്ഗദർശം നല്കേണ്ടതു്. നമ്മുടെ റീത്തിനു് അനുഗുണമായും കേരളസഭാംഗങ്ങളുടെ ഇന്നത്തെ നിലവാരം പരിഗണിച്ചും ഇനിയും ഈ ക്രമം പൂർണ്ണതരമാക്കാൻ ബ. വൈദികരും ശമ്മാശ്ശന്മാരും അത്മായരും അഭിപ്രായങ്ങൾ അറിയിച്ചു സഹായിക്കണമെന്നു താല്പര്യപ്പെടുന്നു. ഈ ക്രമത്തിനു് അന്തിമരൂപം നല്കുവാൻ അവ തീർച്ചയായും ഉപകരിക്കും.

കൺവീനർ
മലബാർ ലിറർജിക്കൽ കമ്മറ്റി
പൊന്തിഫിക്കൽ സെമിനാരി
ആലുവാ — 3

